ആദത്തിന്റെ പാപംമൂലം നഷ്ടമായ നന്മകളെക്കെ വീണ്ടെടുത്ത് കുരിശിൽ ക്രിസ്തു മനുഷ്യനെ പുനരവതരിപ്പിക്കുകയായിരുന്നു (കൊളേ. 3, 10) ബാഹ്യമായ മനുഷ്യൻ ക്ഷയിക്കുകയും ആന്തരീക മനുഷ്യൻ ശക്തിപ്പെടുകയും ചെയ്യണം. മനുഷ്യനിൽ ബാഹ്യ മായത് ബലഹീനതയുടെ പ്രതീകമായ ചെളിയാണെങ്കിൽ അവന്റെ ആന്തരീകസത്ത ദൈവത്തിൽനിന്നും സ്വീകരിച്ച പ്രാണവായുവാണ്. പിതാവിന്റെ ഹിതത്തിനു പരിപൂർണ്ണമായും കീഴ്വഴങ്ങി ഗെത്സെമിനിയിൽ നിന്നും പുറത്തു വരുന്ന ക്രിസ്തു യഥാർത്ഥ മനുഷ്യനാണ്. ഈ നവമായ തേജസ്സിനു മുന്നിലാണ് ഇതാ മനുഷ്യൻ എന്ന് പീലാത്തോസ് പ്രഖ്യാപി ക്കുന്നത്. നമ്മൾ ധരിക്കേണ്ടത് സ്വർഗ്ഗീയന്റെ സാദൃശ്യമാണെന്ന് (1 കൊറി. 15, 49) പൗലോസ് പറഞ്ഞുറപ്പിക്കുന്നിടത്ത് ദൈവ ത്തിനു നമ്മെ പറ്റിയുള്ള പദ്ധതി വെളിവാക്കപ്പെടുന്നു. കുരിശിലെ ക്രിസ്തു ലോകത്തിനു മുന്നിൽ ഒരു കണ്ണാടിയായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഈ മുഖത്തു നോക്കി അവന്റെ വാക്കുകളോടും ചെയ്തികളോടും ഉരച്ചു നോക്കിവേണം നമ്മുടെ മനുഷ്യത്വത്തിന്റെ മാറ്ററിയാൻ. ഈ കണ്ണാടി എന്റെ മുഖത്തിന്റെ വൈകൃതങ്ങളും സൗന്ദര്യവും വെളിപ്പെടുത്തും. ശാസ്ത്രം പറഞ്ഞുവെയ്ക്കുന്നതിനപ്പുറം സാധ്യതകളുള്ളവനാണ് മനുഷ്യ നെന്ന് കുരിശ് നമ്മെ ബോധ്യപ്പെടുത്തും.

All Correspondence and the matters to be published in
THE LIGHT OF COCHIN may be addressed to:

**THE EDITOR**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

## COCHIN DIOCESAN BULLETIN

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Fr. Antony Thamby Thaikkoottathil**

*Circulation Manager*
**Rev. Fr. Xavier Chiramel**

**Vol. XXXVII MARCH 2008 No. 3**

**ഈ ലക്കത്തിൽ** **പേജ്**

| | |
|---|---|
| ആശംസകൾ | 03 |
| നന്ദി | 04 |
| പിതാവ് നമ്മോട് | 05 |
| പത്രാധിപക്കുറിപ്പ് | 07 |
| പ്രത്യാശയിൽ രക്ഷ<br>ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ<br>പുതിയ ചാക്രികലേഖനം | 08 |
| കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ<br>കേരളത്തിലെ ധ്യാനകേന്ദ്രങ്ങളെയും<br>ധ്യാനടീമുകളെയും സംബന്ധിച്ചു നടത്തിയ ..... | 13 |
| Address during the Concluding Ceremony of<br>450th Jubilee Celebration of Diocese of Cochin..... | 20 |

(For Private Circulation only)

| | |
|---|---|
| സാൻതോം ഇടവക ചരിത്രം | 34 |
| Change of Residence | 48 |
| Appointments - 2008 | 49 |
| രൂപതാ വാർത്തകൾ | 51 |
| Vocation Camps - 2008 | 52 |
| Bishop's Engagements in March | 53 |
| Bishop's Diary | 56 |
| പിന്നാമ്പുറം | 57 |




# ആശംസകൾ

45 വർഷത്തെ പൗരോഹിത്യശുശ്രൂഷ
പൂർത്തിയാക്കി വിരമിക്കുന്ന
ഞങ്ങളുടെ സ്വന്തം

**വെരി. റവ. ഫാ. ഫ്രാങ്കോ ഡി. നസ്രത്തിന്**

ആശംസകൾ... അനുമോദനങ്ങൾ...

| | | |
|---|---|---|
| ജനനം | : | 1 ആഗസ്റ്റ് 1932 |
| പൗരോഹിത്യം | : | 10 മാർച്ച് 1963 |
| വിരമിക്കൽ | : | 2 മാർച്ച് 2008 |

**അപ്പോൾ അങ്ങിനെ**



**ഇപ്പോൾ ഇങ്ങിനെ**



# നന്ദി

**കൊച്ചി രൂപത ചാൻസലർ,**

**ലൈറ്റ് ഓഫ് കൊച്ചിന്റെ എഡിറ്റർ**

**എന്നീ സ്ഥാനങ്ങളിൽനിന്ന്**

**രൂപത മതബോധന ഡയറക്ടറായി**

**സേവനം അനുഷ്ഠിക്കുന്ന**

**റവ. ഡോ. ഫ്രാൻസിസ് കുരിശിങ്കലിന്**

**ലൈറ്റ് ഓഫ് കൊച്ചിൻ ടീമിന്റെ**

**കൃതജ്ഞതയും ആശംസകളും**





## പിതാവ് നമ്മോട്



**വീ**ണ്ടും ഒരു ഈസ്റ്റർ ദിനം കടന്നു വരികയാണ്. "അവൻ അരുളി ചെയ്തതു പോലെ ഉയിർത്തെഴുന്നേറ്റു." ഈ ശാന്തി മന്ത്രത്താൽ മുഖരിത മാണ് ഈസ്റ്റർ കാലയളവിൽ നമ്മുടെ ഓരോ ദേവാലയവും. ഈസ്റ്റർ നമുക്ക് നൽകുന്ന ആനന്ദയനുഭവം എന്താണ്. നിങ്ങൾ നന്മ ചെയ്തിട്ടു പീഢകൾ സഹിക്കേണ്ടി വന്നാൽ ദൈവ സന്നിധിയിൽ പ്രീതികരമാണ് എന്നതു തന്നെയാണ്. രക്ഷകനായ ക്രിസ്തുനാഥൻ തന്നെത്തന്നെ മരണത്തിന് ഏൽപിക്കുന്നതു വഴിയായി നമുക്ക് വെളിപ്പെട്ടുകിട്ടുന്നത് ഇതാണ് "അവൻ പാപം ചെയ്തിട്ടില്ല. നിന്ദിക്കപ്പെട്ടപ്പോൾ അവൻ പകരം നിന്ദിച്ചില്ല; പീഢനമേറ്റപ്പോൾ ഭീഷണിപ്പെടുത്തിയില്ല. പിന്നെയോ നീതി യോടെ വിധിക്കുന്നവനു തന്നെത്തന്നെ ഭരമേൽപിക്കുകയാണ് ചെയ്തത്. നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചു കൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോസ് 22-24). യഥാർത്ഥത്തിൽ പത്രോസ് അപ്പസ്തോലൻ പറയുന്നത് ക്രിസ്തു വിന്റെ ഉയിർത്തെഴുന്നേല്പിലൂടെ നീതിക്കായി ജീവിക്കേണ്ട തിന്റെ അന്ത:സത്ത ഊന്നി പറയുകയാണ്. ഒരുവൻ നന്മയെ മുറുകെ പിടിക്കുമ്പോൾ നീതിയുടെ അന്ത:സത്ത അറിഞ്ഞോ അറിയാതെയോ അവൻ സ്വീകരിക്കുകയാണ്.

ഉത്ഥാനം എപ്പോഴും പുത്തൻ ഉണർവിന്റെ അനുഭവമാണ്. സൗഖ്യമാക്കപ്പെടലിന്റെ അനുഭവമാണ്. ക്രിസ്തുവിന്റെ മുറിവിനാൽ സൗഖ്യമാക്കപ്പെട്ടവനാണ് ക്രിസ്തുശിഷ്യൻ.

മുറിഞ്ഞവനു മാത്രമേ മുറിക്കപ്പെടുന്നവരുടെ വേദന മനസിലാക്കാൻ സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ മുറിവിനാൽ മാത്രമാണു ഒരു പുതിയ ഉണർവ്വു സഭാതനയനു ലഭിക്കുന്നുള്ളൂ. ഇത്തരത്തിൽ പിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ഒരു പുത്തനുണർവ് ലഭിച്ചാൽ എല്ലാ മനുഷ്യരെയും ബഹുമാനിക്കാനും സ്നേഹിക്കാനും ദൈവത്തെ സ്നേഹിക്കാനും പരിശ്രമിക്കും.

ഉത്ഥാനം നമുക്ക് നൽകുന്ന സന്ദേശം എത്രയേറെ ദുരന്തയനുഭവങ്ങൾ ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ വന്നാലും അതൊക്കെ ക്രിസ്തുവിനുവേണ്ടി സഹിക്കാനും ഒപ്പം ക്രിസ്തുവിനെ കർത്താവായി ഹൃദയത്തിൽ പൂജിക്കാനും, പ്രതിഷ്ഠിക്കാനും സാധിക്കുമ്പോൾ ജീവിതം തന്നെ സാർത്ഥകമാകും. പൗലോസ് അപ്പസ്തോലൻ വളരെ ശക്തമായ ഭാഷയിൽ നമ്മോടു പറയുന്നു. "ഞാൻ ജീവിക്കുന്നു. എന്നാൽ ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്." ക്രിസ്തു നമ്മിൽ ജീവിക്കുവാൻ നാം താൽപര്യപൂർവ്വം ക്രിസ്തു നടന്നു നീങ്ങിയ ഉത്ഥാനവഴികളിൽ സഞ്ചരിക്കേണ്ടതുണ്ട്. ഈ വഴികളിൽ നിരന്തരം സഞ്ചരിക്കാം.

*ഈസ്റ്ററിന്റെ എല്ലാവിധ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.*
*സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്*

**✠ ജോൺ തട്ടുങ്കൽ**







## പത്രാധിപക്കുറിപ്പ്

## “ന്റുപ്പുപ്പായ്ക്കൊരാന ഉണ്ടാർന്നു”

**ന**മ്മുടെ രൂപത ചരിത്രത്തിന്റെ മാർഗ്ഗദർശിയാണ്! ചരിത്രമുറങ്ങുന്ന രൂപതയാണ്! ഉറക്കരുതേ!!! ഉറക്കം മതിയാക്കി ഉണർന്നു പ്രവർത്തിക്കട്ടെ. ഉറക്കത്തിൽ സ്വപ്നം മാത്രമെയുള്ളൂ. ഉറക്കമുണർന്നു, സ്വപ്നം കണ്ട രീതിയിൽ പ്രവർത്തിക്കാൻ, കർമ്മ പദ്ധതികൾ ഒരുക്കാം.

അതിവേഗം ബഹുദൂരം എളുപ്പത്തിലും വേഗത്തിലും കാര്യങ്ങൾ നേടിയെടുക്കുന്ന ഒരു ഫാസ്റ്റ് ഫുഡ് സംസ്കാരം നമ്മുടെ സമൂഹത്തിൽ രൂപപ്പെടുന്നു. തൊഴിലാളികളെല്ലാം മുതലാളികളായതിന്റെ പേരിൽ കുറച്ച് അദ്ധ്വാനവും കൂടുതൽ പണവും, കുറച്ച് വേദനയും കൂടുതൽ സുഖവും, കുറച്ച് നിക്ഷേപം കൂടുതൽ വരവ് ഇങ്ങനെ പോകുന്നു പുതിയ മനുഷ്യരുടെ നിഷ്കർഷകൾ.

കൊള്ളയും, കൊലയും നടമാടുന്ന, അഴിമതിയും തട്ടിപ്പും കേളികൊട്ടുന്ന, നീതിന്യായങ്ങൾ കാറ്റിൽ പറത്തുന്ന, സത്യത്തെ വ്യഭിചരിക്കുന്ന, കയ്യേറ്റവും കക്ഷിരാഷ്ട്രീയവും അരങ്ങു തകർക്കുന്ന അമ്മ പെങ്ങൾമാരുടെ ചാരിത്ര്യം ചതച്ചരയ്ക്കപ്പെടുന്ന ഈ സമൂഹത്തിൽ "ന്റുപ്പുപ്പായ്ക്കൊരാന ഉണ്ടാർന്നു" എന്നു പറഞ്ഞു കഴിയേണ്ട സമയമല്ലിത്. മറിച്ച്; സാഹചര്യങ്ങൾക്കൊത്ത വിധം അറിഞ്ഞ്, ഉണർന്നു, ദേശത്തിനു ദിശാബോധവും മനുഷ്യർക്കു മൂല്യബോധവും നൽകാൻ നാം സജ്ജമാകേണ്ടിയിരിക്കുന്നു.

നാം സജ്ജമാകേണ്ടത് പുതിയ തീരുമാനങ്ങളോടും തിരുത്തലുകളോടും കൂടിയാണ്. ഇവയ്ക്ക് ജീവൻ നൽകുന്നതിന് വചനത്തിന്റെ പിൻബലമുണ്ടാകണം. നെരിപ്പോടിനുള്ളിൽ വിസ്മയകരമായ ആത്മിയോൽകർഷത്തിന്റെ നിമിഷങ്ങൾ സൃഷ്ടിക്കാൻ ഈ വചനവർഷത്തിൽ നമ്മുടെ പരിശ്രമങ്ങൾക്ക് കഴിയട്ടെ. ഈ ജൂബിലി കഴിഞ്ഞ ഉയിർപ്പ്-ധീരമായ കാൽ വെയ്പുകൾക്ക് ഉണർവ്വിലേയ്ക്ക്, കർമ്മമണ്ഡലത്തിലേയ്ക്ക് ജീവനിറവിലയേക്ക് ഒന്നായി യാത്ര പുറപ്പെടാൻ നമ്മെ സഹായിക്കട്ടെ.

**എഡിറ്റർ**

# പ്രത്യാശയിൽ രക്ഷ

## ബനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പുതിയ ചാക്രികലേഖനം



**ബ**നഡിക്ട് പതിനാറാമൻ മാർപാപ്പയുടെ രണ്ടാമത്തെ ചാക്രിക ലേഖനമായ "പ്രത്യാശയിൽ രക്ഷ" (Spe Salvi-Saved in Hope) 2007 നവംബർ 30-ാം തീയതി വിശുദ്ധ അന്ത്രയോസ് അപ്പസ്തോലന്റെ തിരുനാൾ ദിവസമാണ് പ്രസിദ്ധം ചെയ്തത്. ഒരേ സമയം അന്തർദേശീയമായ 8 ഭാഷകളിലാണ് പുതിയ ചാക്രികലേഖനം പ്രസിദ്ധം ചെയ്തിരിക്കുന്നത്. പ്രത്യാശയെന്ന ക്രൈസ്തവ സുകൃതത്തെക്കുറിച്ചാണ് പുതിയ ചാക്രികലേഖനം പ്രതിപാദിക്കുന്നത്. സ്നേഹത്തെക്കുറിച്ചുള്ള ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ആദ്യചാക്രികലേഖനമായ "ദൈവം സ്നേഹമാക്കുന്നു" (Deus Caritas Est) 2005 ഡിസംബർ 25-ന് പ്രസിദ്ധം ചെയ്തിരുന്നു. ആദ്യ ചാക്രികലേഖനത്തിനുശേഷം 2 വർഷം കഴിഞ്ഞാണ് മാർപാപ്പ തന്റെ പുതിയ ചാക്രിക ലേഖനം പ്രസിദ്ധം ചെയ്തിരിക്കുന്നത്.

വിശുദ്ധ പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 8-ാം അധ്യായം 24-ാം വാക്യമാണ് ചാക്രികലേഖനത്തിന്റെ അടിസ്ഥാനമായി മാർപാപ്പ തിരഞ്ഞെടുത്തിരിക്കുന്നത്. "പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്" എന്ന് വിശുദ്ധ പൗലോസ് പഠിപ്പിക്കുന്നു. ദൈവശാസ്ത്രത്തിന്റെയും തത്ത്വശാസ്ത്രത്തിന്റെയും പശ്ചാത്തലത്തിൽ പ്രത്യാശയുടെ ക്രൈസ്തവ ദർശനമാണ് മാർപാപ്പ പുതിയ ചാക്രിക ലേഖനത്തിലൂടെ സാർവത്രിക സഭയെ പഠിപ്പിക്കുന്നത്. 2005-ൽ മെക്സിക്കോയിലെ മെത്രാന്മാർ ആദ്‌ലിമിന (ad limina)





സന്ദർശനത്തിന്റെ ഭാഗമായി മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ ബനഡിക്ട് പതിനാറാമൻ മാർപാപ്പ മെത്രാന്മാരോട് ക്രൈസ്തവ ജീവിതത്തിൽ പ്രത്യാശയുടെ പ്രാധാന്യത്തെക്കുറിച്ചാണ് പ്രസംഗിച്ചത്. മാർപാപ്പ അന്ന് നടത്തിയ പ്രസംഗത്തിന്റെ വികസിത രൂപമാണ് പുതിയ ചാക്രിക ലേഖനം. സാർവ്വത്രിക സഭയുടെ മതബോധനഗ്രന്ഥത്തിൽ പ്രത്യാശയെക്കുറിച്ചുള്ള നിർവചനമാണ് ചാക്രികലേഖനത്തിന്റെ കേന്ദ്ര ബിന്ദു. "ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏത് സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവിക സുകൃതം" (CCC 1024). പോൾ ആറാമൻ മാർപാപ്പയുടെ "ജനതകളുടെ പുരോഗതി" എന്ന ചാക്രികലേഖനത്തിന്റെ 40-ാം വാർഷികം പ്രമാണിച്ചാണ് "പ്രത്യാശയിൽ രക്ഷ" എന്ന സാമൂഹികമാനമുള്ള ചാക്രികലേഖനം മാർപാപ്പ പ്രസിദ്ധീകരിച്ചിരിക്കുന്നത്. 1967 മാർച്ച് 26-ാം തീയതിയാണ് പോൾ ആറാമൻ മാർപാപ്പ "ജനതകളുടെ പുരോഗതി" (Populorum Progressio) എന്ന ചാക്രികലേഖനം പ്രസിദ്ധം ചെയ്തത്.

ഏകദേശം എഴുപതോളം പേജുകളുള്ള "പ്രത്യാശയിൽ രക്ഷ" എന്ന ചാക്രികലേഖനത്തിലെ ആശയങ്ങൾ 50 ഖണ്ഡികകളായാണ് അവതരിപ്പിച്ചിരിക്കുന്നത്. ആമുഖവും ഉപസംഹാരവും അടക്കം 12 തലക്കെട്ടുകളുടെ കീഴിലായാണ് 'പ്രത്യാശ' എന്ന സുകൃതത്തെ മാർപാപ്പ വികസിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ ഭാവിയെപ്പറ്റിയുള്ള പ്രത്യാശ വയ്ക്കേണ്ടത് സാങ്കേതിക വിദ്യയിലോ സമ്പത്തിലോ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളിലോ അല്ലെന്ന് മാർപാപ്പ വ്യക്തമാക്കുന്നു. ഇത്തരം സംഗതികൾ നൽകുന്നത് വ്യാമോഹങ്ങൾ മാത്രമാണ്. ദൈവത്തിലാണ് മനുഷ്യൻ പ്രത്യാശവയ്ക്കേണ്ടത്. പ്രത്യാശ എന്നാൽ വിശ്വാസം (Faith is Hope) തന്നെയാണെന്ന് ചാക്രിക

ലേഖനത്തിന്റെ ആദ്യഭാഗത്ത് മാർപാപ്പ വ്യക്തമാക്കുന്നു. ക്രൈസ്തവമായ പ്രത്യാശയിൽ ശക്തി കണ്ടെത്തുവാൻ ചാക്രികലേഖനം ആഹ്വാനം ചെയ്യുന്നു. വിശുദ്ധരെയും തത്വ ചിന്തകരെയും ക്രൈസ്തവ എഴുത്തുകാരെയും ഉദ്ധരിച്ചുകൊണ്ട് പണ്ഡിതോചിതമായ ശൈലിയിൽ എഴുതിയിരിക്കുന്ന ചാക്രികലേഖനം ദൈവശാസ്ത്രപരവും സാമൂഹികശാസ്ത്ര പരവും തത്വശാസ്ത്രപരവുമായ ഈടുറ്റ ലേഖനമാണ്.

വിശ്വാസമാണ് പ്രത്യാശ എന്ന് അവതരിപ്പിക്കുന്ന ചാക്രിക ലേഖനം പുതിയ നിയമത്തിലും ആദിമസഭയിലും നിലനിന്നി രുന്ന വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രത്യാശയെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ചാക്രികലേഖന ത്തിന്റെ 4 മുതൽ 9 വരെയുള്ള ഖണ്ഡികകൾ വിശുദ്ധഗ്രന്ഥ ത്തിലും ആദിമ ക്രൈസ്തവരുടെ ഇടയിലും നിലനിന്ന പ്രത്യാശയെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. നിത്യതയും പ്രത്യാശയും തമ്മിലുള്ള ബന്ധം എന്നതാണ് സനാതന ജീവിതമെന്ന് വ്യക്തമാക്കുന്നതാണ് 10 മുതൽ 12 വരെയുള്ള ഖണ്ഡികകൾ. ക്രൈസ്തവപ്രത്യാശ വ്യക്തിപരമായ പ്രത്യാശ യാണെന്ന് ചാക്രികലേഖനം വിശകലനം ചെയ്യുന്നു. നാം ജീവിക്കുന്ന കാലഘട്ടത്തിൽ വിശ്വാസത്തിൽ നിന്ന് ഉരുത്തിരി യുന്ന പ്രത്യാശയ്ക്ക് രൂപഭംഗം സംഭവിച്ചിട്ടുണ്ടെന്ന് മാർപാപ്പ വ്യക്തമാക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പ്രത്യാശ യ്ക്ക് പുതിയ മാനങ്ങൾ ഉണ്ടാകാൻ തുടങ്ങി. പ്രത്യേകിച്ചും നിരീശ്വരവാദത്തിന്റെ കടന്നുവരവോടുകൂടി മനുഷ്യസ്വാതന്ത്ര്യ ത്തിന് അമിതപ്രാധാന്യം നൽകിക്കൊണ്ട് നിരീശ്വരവാദത്തെ ഒരു ധാർമ്മികവാദമായി അവതരിപ്പിച്ചു. അനീതിയും നിരവധി ദുരിതങ്ങളും നടമാടുന്ന ലോകം ദൈവം സൃഷ്ടിച്ചതല്ലെന്ന് നിരീശ്വരവാദികൾ വാദിച്ചു. തിന്മകൾ സൃഷ്ടിച്ച ദൈവം നീതി മാനല്ല. ദൈവം ഇല്ലാത്തതിനാൽ മനുഷ്യനാണ് ലോകത്തിൽ സാമൂഹ്യനീതി നടപ്പിലാക്കേണ്ടതെന്ന് നിരീശ്വരവാദികൾ പഠിപ്പിച്ചു. എന്നാൽ ഇത്തരം പ്രത്യയശാസ്ത്രങ്ങൾ പരിപൂർണ മായും തെറ്റായിരുന്നുവെന്ന് ലോകചരിത്രം പിന്നീട് തെളിയി ച്ചെന്ന് ചാക്രികലേഖനം പഠിപ്പിക്കുന്നു.





ക്രൈസ്തവപ്രത്യാശ എപ്രകാരം ഉള്ളതായിരിക്കണമെന്ന് ചാക്രികലേഖനം വ്യക്തമായി വിവരിക്കുന്നുണ്ട്. ചാക്രിക ലേഖനത്തിന്റെ 24 മുതൽ 31 വരെയുള്ള ഖണ്ഡികകൾ വിശുദ്ധ ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ ക്രൈസ്തവ പ്രത്യാശയെ ക്കുറിച്ച് പ്രതിപാദിക്കുന്നു. വിശുദ്ധ പൗലോസ് അപ്പസതോലന്റെ ലേഖനങ്ങളും യോഹന്നാന്റെ സുവിശേഷവുമാണ് മാർപാപ്പ ഈ ഭാഗത്ത് കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്. ദൈവമാണ് പ്രത്യാശയുടെ അടിസ്ഥാനം. ദൈവത്തിൽ വിശ്വസിക്കാത്തവന് പ്രത്യാശാഭരിതരായി ജീവിക്കാൻ സാധിക്കില്ലെന്ന് അർത്ഥാ ശങ്കയ്ക്ക് ഇടമില്ലാത്ത വിധത്തിൽ ചാക്രികലേഖനം വ്യക്തമാ ക്കുന്നു. പ്രത്യാശയിൽ രൂപീകൃതരാകാനും ജീവിക്കാനും നാം എന്തൊക്കെ ചെയ്യണമെന്ന് ചാക്രികലേഖനത്തിന്റെ അവസാന ഭാഗം വ്യക്തമാക്കുന്നു. മൂന്നു കാര്യങ്ങളാണ് പ്രത്യാശയിൽ ജീവിക്കാൻ ചാക്രികലേഖനം മുന്നോട്ട് വയ്ക്കുന്നത്. 1. പ്രാർത്ഥന. 2. പ്രത്യാശയിൽ അധിഷ്ഠിതമായ പ്രവൃത്തിയും സഹനവും. 3. ന്യായവിധിയെക്കുറിച്ചുള്ള ചിന്ത. ആദിമ ക്രൈസ്തവരെ പ്രത്യാശാഭരിതരായി ജീവിക്കാൻ സഹായിച്ചത് അന്തിമ ന്യായ വിധിയെക്കുറിച്ചുള്ള ആഴമായ അവബോധമായിരുന്നു. ന്യായ വിധിയെക്കുറിച്ചുള്ള ദർശനത്തിന് കോട്ടം സംഭവിച്ചതാണ് ലോകത്തിന്റെ സ്ഥിതിയുടെ മാറ്റത്തിന് കാരണമെന്ന് മാർപാപ്പ സമർത്ഥിക്കുന്നു.

ചാക്രികലേഖനത്തിന്റെ 42-ാം ഖണ്ഡിക നിരീശ്വരവാദ പ്രസ്ഥാനങ്ങളെ നിശിതമായി വിമർശിക്കുന്നു. നിരീശ്വരവാദ ചിന്ത തികഞ്ഞ അബദ്ധമാണ്. ഭയാനകമായ നശീകരണങ്ങളാണ് നിരീശ്വരവാദപ്രസ്ഥാനങ്ങൾ ലോകത്തിൽ വരുത്തിവച്ചത്. സാമ്പത്തിക വ്യവസ്ഥകളുടെ ഉത്പന്നം മാത്രമല്ല മനുഷ്യൻ എന്ന് മനസ്സിലാക്കാൻ മാർക്സിസത്തിന് കഴിയാതെപോയി. പുരോഗതി ശരിയായ കൈകളിലല്ലെങ്കിൽ അത് തിന്മയുടെ ഭയാനകമായ പുരോഗതിയായി പരിണമിക്കും. ശാസ്ത്ര സാങ്കേതിക പുരോഗതിയോടൊപ്പം സമാനമായ പുരോഗതി മനുഷ്യന്റെ ധാർമ്മിക രൂപീകരണത്തിൽ ഉണ്ടാകുന്നില്ലെങ്കിൽ

അത് പുരോഗതിയേ അല്ല. ഇത്തരം തെറ്റായ പുരോഗതികൾ മനുഷ്യനും ലോകത്തിനും ഭീഷണിയായിത്തീരും. മനുഷ്യന് ദൈവത്തെ ആവശ്യമാണ്. അല്ലെങ്കിൽ അവൻ പ്രത്യാശ ഇല്ലാത്തവനായി ഭവിക്കും. ക്രൈസ്തവർ ഭാവിയെക്കുറിച്ചുള്ള പ്രത്യാശ അർപ്പിക്കേണ്ടത് ദൈവത്തിലാണ്. ദൈവം ഇല്ലാത്ത ലോകം പ്രത്യാശ ഇല്ലാത്ത ലോകമാണ് (43).

പരിശുദ്ധ കന്യാകാമറിയവും പ്രത്യാശയും തമ്മിലുള്ള ബന്ധം ചാക്രികലേഖനത്തിന്റെ അവസാനഭാഗത്ത് വിവരിച്ചിരിക്കുന്നു. പ്രത്യാശയുടെ നക്ഷത്രമാണ് കന്യകാമറിയം. വിശുദ്ധ ലൂക്കായുടെയും യോഹന്നാന്റെയും സുവിശേഷങ്ങളിൽ നിന്നും അപ്പസ്തോല നടപടിപുസ്തകത്തിൽനിന്നുമുള്ള വിശുദ്ധ ഗ്രന്ഥ ഉദ്ധരണികൾ ചേർത്തുകൊണ്ട് പരിശുദ്ധ കന്യകാമറിയത്തെ പ്രത്യാശയുടെ നക്ഷത്രമായി മാർപാപ്പ അവതരിപ്പിച്ചിരിക്കുന്നു. പണ്ഡിതോചിതമായ "പ്രത്യാശയിൽ രക്ഷ" എന്ന ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ രണ്ടാമത്തെ ഈ ചക്രികലേഖനം കാലിക പ്രസക്തമാണ്. നിരീശ്വരവാദത്തെക്കുറിച്ചും ദൈവ വിശ്വാസത്തെക്കുറിച്ചും ഈ ചാക്രികലേഖനം പ്രതിപാദിക്കുന്നതുകൊണ്ട് കേരള സഭയുടെ ഇപ്പോഴത്തെ പ്രത്യേക രാഷ്ട്രീയ സാമൂഹിക സാഹചര്യത്തിൽ മാർപാപ്പയുടെ ഈ ചാക്രിക ലേഖനം ഏറെ പ്രസക്തമാണ്. "പ്രത്യാശയിൽ രക്ഷ" എന്ന ചാക്രികലേഖനം കൂടുതൽ പഠനങ്ങൾക്കും ചർച്ചകൾക്കും വിധേയമാകണം.





# കെ. സി. ബി. സി. കരിസ്മാറ്റിക് കമ്മീഷൻ കേരളത്തിലെ ധ്യാനകേന്ദ്രങ്ങളെയും ധ്യാനടീമുകളെയും സംബന്ധിച്ചു നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ നല്കുന്ന നിർദ്ദേശങ്ങൾ

## 1. ആമുഖം

കരിസ്മാറ്റിക് നവീകരണത്തിന്റെ ആവിർഭാവത്തോടെയാണു കേരളത്തിലുടനീളം ധ്യാനകേന്ദ്രങ്ങൾ ആരംഭിച്ചത്. ഇന്നു കേരളത്തിൽ 87 ധ്യാനകേന്ദ്രങ്ങളുണ്ട്. അതുകൂടാതെ നിരവധി ധ്യാനഗ്രൂപ്പുകൾ ഇടവകകളിൽ ധ്യാനം നടത്തുന്നതിനുവേണ്ടി രൂപപ്പെട്ടിട്ടുമുണ്ട്. ആയിരക്കണക്കിന് വ്യക്തികൾ ധ്യാനത്തിൽ സംബന്ധിച്ചു ജീവിത നവീകരണത്തിലേയ്ക്കു വരുന്നു. കേരളസഭയുടെ ആത്മീയ ശക്തിസ്രോതസുകളായി മാറിക്കൊണ്ടിരിക്കുന്ന ധ്യാനകേന്ദ്രങ്ങൾ നാനാവിധത്തിലുള്ള ആത്മീയവും ഭൗതികവുമായ നന്മയാണു കേരളസമൂഹത്തിനു നല്കിക്കൊണ്ടിരിക്കുന്നത്. പല തരത്തിലുമുള്ള തിന്മക്കു കീഴ്പ്പെട്ട് കുടുംബത്തിലും സമൂഹത്തിലും പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്ന നിരവധിപേർ ധ്യാനങ്ങളിൽ സംബന്ധിച്ചു ഉത്തമ ജീവിതം നയിക്കുന്നതിനു കാരണമാകുന്നുണ്ട്. വലിയൊരു ആത്മീയ ഉണർവ്വാണു കരിസ്മാറ്റിക് നവീകരണപ്രസ്ഥാനം വഴി കേരളസഭയ്ക്കു ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ദൈവവചനം വായിക്കുവാനുള്ള വലിയ താത്പര്യം എല്ലാ തലത്തിലുമുള്ളവരിലും വളർത്താൻ കഴിഞ്ഞുവെന്നതു വലിയൊരു കാര്യമാണ്. ബൈബിൾ വായിക്കുകമാത്രമല്ല ഗൗരവമായി ദൈവവചനം പഠിക്കുവാനും അവയനുസരിച്ചു ജീവിതം ക്രമീകരിക്കാനും വലിയ താത്പര്യമാണു ഇതുമൂലം ഉണ്ടായിട്ടുള്ളത്. സമ്പത്തു പങ്കുവെക്കാനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ധാരാളം വിശ്വാസികൾ മുമ്പോട്ടുവന്നുകൊണ്ടിരിക്കുന്നു. കേരളത്തിലുടനീളം പ്രാർത്ഥനാ

ഗ്രൂപ്പുകളും വിവിധ മിനിസ്ട്രികളും രൂപീകൃതമായിയെന്നത് ശ്രദ്ധേയമാണ്.

വേണ്ടത്ര മാർഗ്ഗനിർദ്ദേശത്തിന്റെയും നിയന്ത്രണത്തിന്റെയും സംഘാതമായ ചിന്തയുടെയും അഭാവം പല തെറ്റായ പ്രവണതകൾ ശക്തിപ്പെടുന്നതിനു കാരണമായിട്ടുണ്ട്. ധ്യാനങ്ങളിൽ സംബന്ധിച്ചു നവീകരിക്കപ്പെട്ടവരുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ തുടർന്ന് ഇല്ലാത്തതിന്റെ പേരിൽ കുറേ പേരെങ്കിലും തെറ്റായ പഠനങ്ങൾ സ്വീകരിക്കാൻ ഇടവരുന്നു. വിശുദ്ധമായ പാരമ്പര്യം പരോക്ഷമായി നിഷേധിച്ചുകൊണ്ട് "വിശ്വാസവും ബൈബിളും മതി," എന്ന തെറ്റായ ധാരണ വളർന്നുവരുന്നുണ്ട്. ബൈബിൾ ഔദ്യോഗികമായി വ്യാഖ്യാനിക്കാനുള്ള അപ്പസ്തോലികാധികാരത്തിന്റെ പരോക്ഷമായ നിരാസം ഇതിലുണ്ട്. ഇതിന്റെ പരിണിതഫലമായി ചില സ്വതന്ത്ര ഗ്രൂപ്പുകളും സെക്റ്റുകളും രൂപീകൃതമാകുന്നുണ്ട്. ഏകവും അപ്പസ്തോലികവുമായ സഭയുടെ അടിസ്ഥാന സ്വഭാവവും പഠനങ്ങളും നിരാകരിക്കാൻ ഇതു കാരണമാകും.

വചനാധിഷ്ഠിതമായ ക്രിസ്തീയജീവിത നവീകരണത്തേക്കാൾ രോഗശാന്തിക്കു പ്രാധാന്യം കൊടുക്കുന്ന പ്രവണതയും ദൃശ്യമാണ്. ദർശനവരത്തിന്റെ ദുരുപയോഗവും വേണ്ടത്ര പരിശീലനമില്ലാത്തവർ നല്കുന്ന ആത്മീയ കൗൺസലിങ്ങു വഴി ഉണ്ടാകുന്ന പ്രശ്നങ്ങളും ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണ്.

സഭയ്ക്കും സമൂഹത്തിനും സുവിശേഷചൈതന്യവും ഭദ്രതയും ശരിയായ ദിശാബോധവും നൽകുന്നതിൽ ഏറെ സഹായിച്ചുകൊണ്ടിരിക്കുന്ന ധ്യാനകേന്ദ്രങ്ങളുടെയും ധ്യാന ടീമുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സംഘാതവും കുറ്റമറ്റതുമായ സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇതു സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണു താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നത്.

## 2. സഭാത്മകമായ കാഴ്ചപ്പാടുകൾ

സഭയുടെ വിശുദ്ധമായ പാരമ്പര്യം പരോക്ഷമായി നിഷേധിച്ചുകൊണ്ട് 'വിശ്വാസവും ബൈബിളും മതി' എന്ന തെറ്റായ ധാരണ പ്രചരിപ്പിക്കുകയും ബൈബിൾ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്ന പെന്തക്കുസ്താ സമൂഹങ്ങളുടെ വാദം ശരിയല്ലെന്ന് ബോദ്ധ്യപ്പെടുത്തവാനുള്ള ശ്രമം ധ്യാനകേന്ദ്രങ്ങൾ നടത്തേണ്ടതാണ്.





സഭ ഏകവും സാർവത്രികവും വിശുദ്ധവും അപ്പസ്തോലികവുമാണെന്ന സത്യം വ്യക്തമാക്കപ്പെടേണ്ടതുണ്ട്. പ്രത്യേകിച്ച് യേശു സ്ഥാപിച്ച സത്യസഭ ഒന്നേയുള്ളൂവെന്നും അതിന് ശ്ലൈഹിക സ്വഭാവമുണ്ടെന്നുമുള്ള സത്യം ആഴമായി ബോദ്ധ്യപ്പെടുത്തണം.

കത്തോലിക്കാ സഭയുടെ അടിസ്ഥാന പഠനങ്ങൾ വിശ്വാസികൾക്കു പകർന്നു കൊടുക്കുവാനും കൗദാശിക ജീവിതത്തിനും സഭാത്മകമായ വളർച്ചയ്ക്കും അവരെ സഹായിക്കുന്നതിനും ആവശ്യമായ വിഷയങ്ങൾ ധ്യാനങ്ങളിൽ ഉൾപ്പെടുത്തണം.

ദൈവവചനം ആധികാരികമായി വ്യാഖ്യാനിക്കുവാനുള്ള അധികാരം അപ്പസ്തോലഗണത്തിൽ നിക്ഷിപ്തമാണെന്ന സത്യത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. ബൈബിൾ സഭയുടെ ഗ്രന്ഥമാണ്, സഭയാണ് ബൈബിളിന്റെ ഔദ്യോഗിക വ്യാഖ്യാതാവ് എന്ന സത്യം വിശദമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

## 3. ആത്മീയ കൗൺസലിംഗ്

കരിസ്മാറ്റിക് നവീകരണത്തിന്റെ ഭാഗമായി ധ്യാനകേന്ദ്രങ്ങളിൽ നൽകുന്ന കൗൺസലിംഗ് പലവിധത്തിൽ ഉപകാരപ്രദമാണ്. ആത്മീയ ഉപദേശത്തിന്റെ സ്വഭാവമുള്ള ഈ കൗൺസലിംഗ് നടത്തുന്നതിന് ആവശ്യമായ പരിശീലനത്തിന്റെ കുറവ് പല പ്രശ്നങ്ങളിലേയ്ക്കും വഴി തെളിക്കുന്നുണ്ട്. കൗൺസലിംഗ് നൽകുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുവാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണം. പാപമോചനം ലഭിക്കുന്നത് അനുരഞ്ജന കൂദാശയിലൂടെയാണ്. അതിനാൽ കുമ്പസാരത്തിന് പകരമായി കൗൺസലിംഗ് മതിയെന്ന തെറ്റിദ്ധാരണ വിശ്വാസികളിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം.

പഠിപ്പിക്കുവാനുള്ള അപ്പസ്തോലിക അധികാരത്തെയും പൗരോഹിത്യ അഭിഷേകത്തെയും നിഷേധിക്കുവാൻ സാധ്യതയുള്ള വിധത്തിൽ അപക്വവും വികലവുമായ രീതിയിൽ കൗൺസലിംഗ് നടത്തുകയും തങ്ങൾക്ക് എല്ലാം ദർശനത്തിൽ

ലഭിക്കുന്നുവെന്നു അവകാശവാദം ഉന്നയിക്കുകയും ചെയ്യുന്ന കൗൺസലേഴ്സിനും ധ്യാന പ്രഘോഷകർക്കും ആവശ്യമായ തിരുത്തലുകളും ശരിയായ അറിവും നല്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

### 4. അടയാളങ്ങളും അത്ഭുതങ്ങളും

സഭയുടെ ആരംഭകാലത്ത് എന്നപോലെ ഇന്നും അത്ഭുതങ്ങളും അടയാളങ്ങളും വഴി ദൈവം നമ്മെ കൂടുതൽ വിശ്വാസത്തിലേയ്ക്കും മാനസാന്തരത്തിലേയ്ക്കും നയിക്കുന്നു. അത്ഭുതങ്ങൾ വിലയിരുത്തുന്നതിൽ വിവേചനം കാണിക്കേണ്ടതുണ്ട്. അത്ഭുതസിദ്ധികളുണ്ട് എന്ന് സ്വയം അവകാശപ്പെടുന്നവരെ ശ്രദ്ധിക്കണം. താൻ അത്ഭുത സിദ്ധിയുള്ളവനാണെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ ഒരു വിശുദ്ധനും ഒരിക്കലും അവകാശപ്പെട്ട ചരിത്രമില്ല.

### 5. രോഗശാന്തി ശുശ്രൂഷ

ധ്യാനങ്ങളിൽ ദൈവിക ഇടപെടൽവഴി രോഗസൗഖ്യം ലഭിക്കും. എന്നാൽ സൗഖ്യാനുഭവങ്ങൾ ചിത്രീകരിച്ച് അതിന് വലിയ പരസ്യങ്ങൾ കൊടുക്കുന്നത് അഭികാമ്യമല്ല. ഇവ കുറെപ്പേർക്കെങ്കിലും വിശ്വാസ സംബന്ധമായ സംശയങ്ങൾക്ക് കാരണമാകുന്നുണ്ട്. മാനസാന്തരവും ജീവിത നവീകരണവും ദൈവിക ഇടപെടലിന്റെ അടയാളങ്ങൾ ആയി മാറണം.

### 6. വരദാനങ്ങൾ

സഭയുടെ പഠനമനുസരിച്ച് സഭയിൽ ആർക്കും പ്രത്യേക കൃപകളും വരങ്ങളും ലഭിക്കാം. ഇവയെപ്പറ്റി വിവേചിച്ച് വിധിനിർണ്ണയം നടത്തേണ്ടത് ആത്മീയ നിയന്താക്കളാണ്. സഭയുടെ ചരിത്രത്തിൽ പ്രത്യേക വരങ്ങളും കൃപകളും ലഭിച്ചിരുന്നവർ വിശുദ്ധിയുടെ ഉന്നത തലത്തിൽ എത്തിയവരായിരുന്നു. തങ്ങൾക്ക് ദർശനവരം, രോഗശാന്തിവരം തുടങ്ങിയവ ഉണ്ടെന്ന് അവകാശപ്പെടുന്നവരെ സംബന്ധിച്ച് വേണ്ടത്ര വിവേചനത്തോടും വിവേകത്തോടും കൂടെ വിധിനിർണ്ണയം നടത്താൻ അധികാരികൾ ശ്രദ്ധിക്കണം.

### 7. മറ്റ് മതങ്ങളോടുള്ള ബന്ധം

മറ്റ് മതങ്ങളുമായുള്ള ബന്ധത്തെപ്പറ്റി സഭയുടെ കാഴ്ചപ്പാടുകൾ മനസിലാക്കുവാനും അവരിലെ നന്മകൾ അംഗീകരിക്കുവാനും അതേസമയം യേശുക്രിസ്തുവിന്റെ അതുല്യതയ്ക്ക് സാക്ഷികളാകുവാനും വചനശുശ്രൂഷകരെ പഠിപ്പിക്കണം. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്ന സത്യം വിസ്മരിക്കരുത്. മതമൗലികവാദം ക്രൈസ്തവ ചിന്തയ്ക്കു നിരക്കുന്നതല്ല എന്ന കാര്യം വ്യക്തമാക്കപ്പെടണം.





### 8. വിശാലമായ ദൈവരാജ്യ താത്പര്യം

വ്യക്തിഗത ആദ്ധ്യാത്മികതയിലേയ്ക്കും കാര്യസാധ്യ ഭക്തിയിലേയ്ക്കും ഉൾവലിയാതെ നവീകരണവും വിശുദ്ധിയും വഴി ഒരു നവസമൂഹസൃഷ്ടിക്കായുള്ള വിശാലമായ ദൈവരാജ്യ താത്പര്യങ്ങളിലേയ്ക്ക് മനുഷ്യരെ നയിക്കണം. ദൈവരാജ്യത്തിനൊപ്പം മാതൃരാജ്യത്തിനുംവേണ്ടി സമർപ്പണം ചെയ്യുവാൻ ശുശ്രൂഷകരെ പരിശീലിപ്പിക്കണം.

### 9. സമീപവാസികളുമായുള്ള ബന്ധം

ധ്യാനകേന്ദ്രങ്ങൾ ക്രൈസ്തവ സാക്ഷ്യത്തിന്റെ അടയാളങ്ങളാകണം. ആയതിനാൽ സമീപവാസികളുമായി രമ്യതയിലും സ്നേഹത്തിലും വർത്തിക്കണം. അവർക്ക് അസൗകര്യങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. സർക്കാർ നിയമങ്ങൾക്ക് വിധേയമായി ശബ്ദക്രമീകരണം, ശുചിത്വപാലനം തുടങ്ങിയവയിലും ശ്രദ്ധവേണം.

### 10. ആവശ്യമായ അനുവാദങ്ങൾ

ധ്യാനകേന്ദ്രങ്ങളും ധ്യാനടീമുകളും രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ മാത്രമേ ആരംഭിക്കാവൂ. പുതുതായി ആരംഭിക്കുന്ന ധ്യാനകേന്ദ്രങ്ങളുടെ പേരുകൾ കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയെ അറിയിക്കണം. സഭയുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാഗ്രൂപ്പുകളും ധ്യാനടീമുകളും രൂപപ്പെടാതിരിക്കുവാൻ ഇതു സഹായകമാകും.

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ ധ്യാനകേന്ദ്രങ്ങളും ധ്യാനടീമുകളും പാലിക്കേണ്ടതാണ്.

അത്മായർ സുവിശേഷ പ്രഘോഷണം നടത്തുന്നതിനായി രൂപതാധികാരികളിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്. പ്രസ്തുത അംഗീകാരമില്ലാത്തവരെ ധ്യാനകേന്ദ്രങ്ങളിലും ധ്യാന ടീമുകളിലും ശുശ്രൂഷകരാക്കരുത്. അങ്ങനെ അനുവാദം നല്കപ്പെട്ടവരെ ആരെയെങ്കിലും സഭാവിരുദ്ധ പഠനങ്ങളോ, പ്രവർത്തനങ്ങളോ നടത്തുന്നതിന്റെ പേരിൽ ശുശ്രൂഷയിൽനിന്ന് ഒഴിവാക്കേണ്ടിവരുന്നെങ്കിൽ അക്കാര്യം ബന്ധപ്പെട്ട സഭാധികാരിയെ അറിയിക്കണം. അല്ലാത്തപക്ഷം അവർ മറ്റ് സ്ഥലങ്ങളിൽ തെറ്റായ പഠനങ്ങൾ നൽകാനിടവരും.

ധ്യാനകേന്ദ്രങ്ങളോടനുബന്ധിച്ച് ആതുര ശുശ്രൂഷാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട സഭാധികാരികളുടെ അനുവാദം ഉണ്ടാകണം. അത്തരം സ്ഥാപനങ്ങൾക്കു സർക്കാരിന്റെ അനുവാദം ആവശ്യമാണെങ്കിൽ അതും വാങ്ങുന്നതിനു ശ്രദ്ധിക്കണം.

ധ്യാനകേന്ദ്രങ്ങളിൽ, തിരുനാൾ, നൊവേനകൾ, നേർച്ച തുടങ്ങിയവ അതത് രൂപതാകേന്ദ്രങ്ങളിൽ നിന്നുള്ള അനുവാദത്തോടുകൂടി മാത്രമെ നടത്താവൂ.

## 11. ചില പൊതുനിയമങ്ങൾ

ധ്യാനകേന്ദ്രത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൃത്യമായി നിർവചിക്കുകയും അവയനുസരിച്ച് ധ്യാനപരിപാടികൾ ക്രമീകരിക്കുകയും ചെയ്യണം. വ്യക്തിയുടെയും സമൂഹത്തിന്റെയും വചനാധിഷ്ഠിത ജീവിത നവീകരണത്തിനായിരിക്കണം പ്രഥമ സ്ഥാനം നല്കേണ്ടത്.

വർഷത്തിലൊരിക്കലെങ്കിലും ധ്യാനകേന്ദ്ര ഡയറക്ടർമാർ കരിസ്മാറ്റിക് കമ്മീഷന്റെ ആസ്ഥാനമായ എമ്മാവൂസിൽ ഒന്നിച്ചു ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും തദവസരത്തിൽ ഓരോ ധ്യാനകേന്ദ്രത്തിന്റെയും പ്രവർത്തന റിപ്പോർട്ട് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന് നൽകുകയും വേണം.

ധ്യാനകേന്ദ്രങ്ങൾക്ക് ഉത്തരവാദപ്പെട്ടവർ ഉൾക്കൊള്ളുന്ന ഭരണസമിതിയും ആവശ്യമെങ്കിൽ ഉപദേശക സമിതിയും രൂപപ്പെടുത്തണം.





അനാവശ്യ ആരോപണങ്ങൾ ഒഴിക്കാൻ ധ്യാനകേന്ദ്രങ്ങളുടെ വരവു ചിലവു കണക്കുകൾ കൃത്യമായി ഓഡിറ്റു ചെയ്യുന്നതിന് പ്രത്യേക നിഷ്ക്കർഷ വേണം.

ഇടവക കേന്ദ്രീകൃതമായ ആത്മീയ ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന യാതൊരു പരിപാടികളും ധ്യാനകേന്ദ്രങ്ങളോടനുബന്ധിച്ച് ഉണ്ടാകരുത്. ഉദാ. മാമ്മോദീസ, ആദ്യ കുർബ്ബാന സ്വീകരണം, ശനിയാഴ്ച രാത്രികളിലെ ജാഗരണ പ്രാർത്ഥന... തുടങ്ങിയവ.

രൂപതാദ്ധ്യക്ഷന്റെ സന്യാസസഭാധികാരികളുടെയോ അനുവാദമുള്ള വൈദികരുടെ നേതൃത്വം നിർബന്ധമായും ധ്യാനടീമുകകൾക്കും ഉണ്ടാകണം.

ധ്യാനകേന്ദ്രങ്ങളിലും ധ്യാനടീമുകളിലും ശുശ്രൂഷ ചെയ്യുന്നവർ കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം. അവ എല്ലാ ധ്യാനകേന്ദ്രങ്ങളിലെയും ധ്യാനടീമുകളിലെയും ശുശ്രൂഷകർക്കു പഠനവിഷയമാക്കണം.

എല്ലാ വചനപ്രഘോഷകർക്കും, കൗൺസലേഴ്സിനും കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ നിർദ്ദേശിക്കുന്ന സിലബസനുസരിച്ച് കോഴ്സുകൾ നൽകണം.

ധ്യാനങ്ങൾക്കായി അത്മായരെ മാത്രമായി അയയ്ക്കരുത്. വൈദികരുടെ നേതൃത്വം നിർബന്ധമായും ധ്യാനങ്ങൾക്കുണ്ടാകണം.

ശരിയായ ആത്മീയതയ്ക്കു പകരം ഭക്തി പ്രകടനങ്ങൾക്കു അമിത പ്രാധാന്യം നൽകുന്ന ശൈലികൾ നിരുത്സാഹപ്പെടുത്തണം. അനുചിതമായ പേരുകൾ നൽകി ധ്യാനങ്ങളിലേയ്ക്കു ആകർഷിക്കുന്നത് പല തെറ്റായ പ്രവണതകൾക്കും കാരണമാകുന്നുണ്ട് (ഉദാ. ശാപമോക്ഷ ധ്യാനം, രോഗശാന്തി ധ്യാനം, തിരുരക്താഭിഷേക ധ്യാനം.....)

**ബിഷപ്പ് തോമസ് ചക്യത്ത്**
ചെയർമാൻ,
കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ

# Address during the Concluding Ceremony of 450th Jubilee Celebration of Diocese of Cochin Kochi 3 February 2008

# Evolution of enlightened society

*"I have created the human being with brain and thinking faculty. I command all My creations that use your faculty with reasoning to reach My image" - God's Command*

I am delighted to participate in the concluding ceremony of 450th Jubilee Celebration of Diocese of Cochin. History of the Diocese of Cochin begins with the arrival of the Portuguese Missionaries in India. These neo apostles reached Kappad near Kozhikode on 20th May, 1498, along with Vasco De Gama, the famous navigator. The solemn blessing of the church was on November 1, 1503, after an elegant and magnificent procession in which all the Captains participated with the Holy Cross, the great sign and instrument of victory, held aloft. The Second Indian Bishop Joseph Kureethara was very keen on developing the Diocese at the socio-religious sphere. His Excellency established many institutions including a college, schools, hospitals and charitable homes, erected parishes and churches and established a new religious congregation for women called the 'Sisters of Holy Eucharist'.





I am happy to note that Rt. Rev. Dr. John Thattumkal is liked, loved and respected by the people in general and the faithful in particular, has become quite notable among the Catholic Bishops and noteworthy among the intelligentsia. My respects to Rt. Rev. Dr. John Thattumkal and all the Bishops who have laid the robust framework for the growth of this institution to maintain peace and harmony in this region. My greetings to all the members of Diocese of Cochin on the occasion of the concluding ceremony of 450th Jubilee Celebrations.

## Origins of Life

Life originated 600 million years ago and continental drift occurred 200 million years ago creating five continents. Mammals evolved 140 million years ago, Hominids that is the human type, evolved 26 million years ago but modern man only arrived on the scene some 200,000 years ago.

He migrated and colonized the world only in the last 50,000 years. The spoken language is some 10,000 years old while writing evolved only a few thousand years ago. All this phenomenal progress has been achieved only within the short span of 200 to 400 generations, that is in just 10,000 to 5,000 years.

Newer DNA technologies have given us better insight in retracing the history of man. 'The DNA of a human being is his history book ever written'. Nowadays intelligence, cognizance, drug response, behavioral problems every thing is related to genes: disease gene mapping is progressing at a faster pace with new age DNA technology. It is probably during the 50,000-30,000 years of co-existence that societies have evolved adopting newer innovations and cultures.

## Challenges of Modern Society

Advances in genetics demonstrating great similarity in the genome of man and animals shows that the limbic brain perhaps is the cause for all conflicts within and outside.

So far human society, from origin until now has always been at war within and between groups and has led to two World Wars. Presently, terrorism and low intensity warfare are affecting many parts of the world. Can we find methods by which we can the remove these conflicts?

## Unity in Diversity

India is a country which has over the years learnt to evolve and maintain a unique unity amongst diversity. It has become an inspirational model and an example to emulate for every region in the world. India supports a social form of economic development and encourages a model of growth with equity. We are conscious of the need for growth to respect the environment and make it sustainable for future generations. With this valuable experience of centuries behind India, we can bring a doctrine of global cooperation built over the foundation of regional collaborations and core competencies of people and society of many nations.

In this context, I am reminded of the dream of the Indian poet who articulated 3000 years back in the Tamil classic:

which means "I am a world citizen, Every citizen is my own kith and kin". This feeling itself, I am sure, can be the foundation for the way of human thinking on unity of minds.





## Evolution of Enlightened Society

With this spirit of universal brotherhood, I would like to put forth to this important gathering, a methodology for evolving a happy, prosperous and peaceful society in our planet, which I call as "Evolution of Enlightened Society in Planet Earth". How do we create such an enlightened society, which will have three components (a) Education with value system (b) Religion transforming into spirituality and

(c) Economic development for societal transformation.

Let us discuss.

**Education with value system:** We have seen that the seeds of peace in the world have their origin in the righteousness in the heart of every individual. Such righteous citizens lead to the evolution of enlightened society. Education with value system has to be so designed that the righteousness in the heart is developed in young minds. That should be the mission of education. The prime learning environment is five to seventeen years of age. This reminds me of an ancient Greek teacher's saying, ***"Give me* a *child for seven years; afterwards, let God or devil take the child. They cannot change the child".*** This indicates the power of great teachers and· what good teachers can inculcate in the young minds. Parents and teachers must inculcate moral leadership amongst children. It requires the ability to have insights into the uniqueness and universality of human consciousness. True education IS the acquisition of enlightened feelings and enlightened powers to understand daily events and to understand the permanent truth linking man, to his environment, human and planetary.

While I was in college, I remember the lectures given by the highest authority of a Jesuit institution Rev Father Rector Kalathil of St. Joshep's College, Tiruchirappalli, Southern India. Every week on Monday, he will take a class for an hour. He used to talk about good human beings present and past and what makes a good human being. In this class he used to give lectures on personalities such as Buddha, Confucius, St. Augustine, Califa Omar, Mahatma Gandhi, Einstein, Abraham Lincoln and moral stories linked to our civilizational heritage. In the moral science class, Father Kalathil used to highlight the best aspect of, how the great personalities have been evolved as good human beings through parental care, teaching and companionship of great books. Even though these lessons were given to me in 1950's during my college days, they inspire me even today. It is essential that in the schools and colleges, lectures are given by great teachers of the institution once in a week for one hour on civilizational heritage and derived value system.

This may be called as Moral Science Class that will elevate the young minds to love the country, to love the other human beings and elevate them to higher planes. This will ensure embedding of righteousness in each citizen with **eternal goodness and wholesomeness in conduct.**

As we say in our country:

**Righteousness**

Where there is righteousness in the heart
There is beauty in the character.
When there is beauty in the character,
There is harmony in the home.
When there is harmony in the home.
There is an order in the nation.
When there is order in the nation,
There is peace in the world.





This is true, for the whole world. When we need peace in the world, we need order in the nation; we need harmony in the home. The origin is righteousness in the heart.

Now, let me take up the area that is transforming religion into spiritual force. Many in the world believe, it is a difficult mission. I would like to share an experience that I have witnessed which has convinced me that it is possible.

**Religion Transforming into Spirituality: Universal Mind:** Religion has two components, theology and spirituality. Even though theology is unique to every religion, the spiritual component spreads the value to be inculcated by human beings for promoting a good human life and welfare of the society, while pursuing the material life .

I would like to recall one incident, which commonly occurs in some parts of our country. I have witnessed this event when I was a young boy (10 yrs). In our house, periodically I used to see three different unique personalities meet. Pakshi Lakshmana Shastrigal, who was the head priest of the famous Rameshwaram temple and a vedic scholar, Rev Father Bodal, who built the first church in Rameshwaram Island and my father who was an Imam in the mosque. All three of them used to sit and discuss the islands problems and find solutions. In addition they built several religious connectivities with compassion. These connectivities quietly, spread to others in the island like the fragrance from the flowers. This sight always comes to my mind whenever, I discuss with people on Dialogue of religions. India has had this advantage of integration of minds for thousands of years.

Throughout the nation and the world, the need to have a frank dialogue among cultures, religions and civilizations has been felt now more than ever.

This incident, what I have narrated gives me the confidence that religions definitely can be bridged through spiritual components. We have to spread such **"Glad Tidings"** to every part of the world. Let me now talk to you on the message of "Giving".

**Radiating message on Giving:** His Holiness Sree Sree Sivakumara Swamiji of Sree Siddaganga Math of Tumkur IS an example of spreading the message of "giving". He has been on a tireless mission of socia-economic development and eradication of inequalities in education. He saw education and alleviation of hunger among the masses as an effective means to enrich human capacity which in turn would contribute to national reconstruction. His Holiness Swamiji has followed the footprints of his Guru of providing free boarding horne to the students which is now serving the needs of over 8,000 students. In addition 2000 pilgrims and visitors in the Math are also provided food every day. During the last seven decades Swamiji is the founder of well over hundred and twenty five educational institutions ranging from nursery to institutions of technology, pure science, arts, management, vocational training and performing arts.

During the 100$^{th}$ birthday of His Holiness Sree Sree Shivakumara Swamiji - a message of "Giving" came to my mind celebrating his contribution, which I would like to share with you:

**Radiating Message on Giving**

"O my fellow citizens,
In giving, you receive happiness,
In Body and Soul.
You have everything to give.
If you have knowledge, share it.





If you have resources, share it with the needy.
Use your mind and heart,
To remove the pain of the suffering,
And, cheer the sad hearts.
In giving, you receive happiness.
Almighty will bless all your actions."

Let me now talk about deception through flattery.

**The power of Love in Almighty**

Imam Ghazali was a saint teacher lived in the 12$^{th}$ Century. My father narrated me a scene when Imam Ghazali has been tested by Shaitan, the transgressed Angel. One day Imam Ghazali was unfolding his prayer mat for Maharif Namaz. At that time, the Shaitan appears in front of him and said, "Respected Imam Sahib, I am just now coming from heaven where there was a discussion about great human beings and you have been judged as the best human being living on Earth. As a recognition of your great stature you have been exempted from the trouble of performing Namaz in future. Imam Ghazali was restless as the Namaz time was approaching. So he looked at Shaitan and said, "Shaitan Sahib, first of all performing Namaz is not a trouble at all and when even Prophet Mohammed (peace be upon him), was not exempted from performing Namaz five times a day, how can a poor Imam like me be exempted? Thank you. He went on to perform the Namaz. When he completed the Namaz, Imam Ghazali still saw Shaitan was standing. Imam Sahib asked him what he was waiting for. Shaitan said, "O Imam you have excelled even the most favoured Prophet Adam, who could not win over my deception and I made him to eat the forbidden fruit. Realizing that Shaitan was flattering Imam

Sahib prayed to Allah, Oh almighty, help me and save me from the deception of the flattery making a disappointed Shaitan finally disappear. His mission failed. But one of the great human being succeeded. Let me present an example of bringing dignity to society.

**Bringing dignity to society:** In 2006, I visited Sultanpur Lodhi in Punjab and saw the marvelous development which has taken place on the river Kali Bein. I was delighted to see the rejuvenated Kali Bein, the place where the revered Sikh Guru Gurunanak Devji is said to have received enlightenment. Over the years this rivulet had turned into weed choked drain. Now, the river is clean due to the efforts of Baba Balbir Singh Seechewal, a priest in a Gurudwara temple and his team. Babaji had organized people's participation in stopping the massive flow of sewage into the Be in and cleaned 160 km long polluted and choked rivulet within the last five years by deploying on an average 3,000 kar sevaks (volunteer pilgrims) per day. Today one can see the flow of clean water in this rivulet released from the Tarkina Barrage by the government. The revival of the rivulet has recharged the water table as the hand pumps that had become dry for the past 4 decades are now pumping out water. Also, I saw speed boats running on the river. The 3 kms stretch which I physically saw was a beautiful site to watch with nice bathing ghats, tree orchards on the bank of the river and well laid out roads parallel to the river. I also saw the great happiness of giving on the faces of the volunteers who had physically participated in this task. Baba Balbir Singh Seechewal felt polluting the river is denying the human rights to the people who is using and benefiting from river and he has taken initiative that restored the human dignity in that region.





Taking the lead from the mission of Babaji, I have put forth a thought for consideration of all the people visiting the major places of worship. Every day, at least five hundred thousand people on an average will be going to different places of worship in the country and offering prayers. Normally when we go to a religious place we pray for our happiness and prosperity. At the place of worship, shall we suggest, display of the following vows. Each devotee at the worshiping place can take anyone of them as a thanks giving for The Almighty:

1. I will activate at least one water pond in my village.
2. On return from this place of worship, I will remove all enmity within my family and any court cases I will withdraw.
3. On return from this place of worship, I will plant five fruit bearing tree.
4. I will not gamble and succumb to any addiction.
5. I will give equal importance for male and female children in providing education and rights for growth of our society.
6. I will lead from now onwards a righteous life free from corruption.

I feel in this graceful occasion 450$^{th}$ year Jubilee celebration, even ten percent of the persons take anyone of the vows and practice it; it will bring great peace to the society, stability to the society and above all the enriched societal life.

**Economic development for societal transformation:**

Indian Economy is in an ascent phase. There is considerable growth in the manufacturing and service sectors.

We have a mission of spreading this economic growth throughout the country including the rural sector. Nearly 220 million people have to be lifted by upgrading their quality of life in both rural and urban areas. Even though the GDP growth indicates our economic growth, people's participation is essential for achieving the required targets. It is essential to ensure that the citizens are empowered with good quality of life encompassing nutritious food, good habitat, clean environment, affordable healthcare, quality education and productive employment, integrated with our value system drawn from civilizational heritage leading to the comprehensive development of the nation that will bring smiles in one billion people. These are indicators for the growth of the National Prosperity Index. To achieve that growth rate, we have identified five areas where India has a core competence for integrated action: (1) Agriculture and food processing (2) Education and Healthcare (3) Information and Communication Technology (4) Infrastructure development such as power, transportation, communication and including Providing Urban Amenities in Rural Areas (PURA) and (5) Self reliance In critical technologies.

We propose to realize the vision of transforming India into a developed nation before 2020 by energizing and igniting the minds of all the 540 million youth of the nation.

So far we have discussed the three dimensional approach of providing value based education, religion transforming into spiritual force and economic development for societal transformation leading to the evolution of an enlightened society. This integrated three dimensional methodology of evolution of enlightened society, will pave the way for peaceful, prosperous, happy nations and thereby a world, free from extremisms and further seeds of extremism.





So far we have seen how to evolve enlightened citizens. How to spread this knowledge throughout the planet earth? Hence we are in the mission of evolving the University of Nalanda which will address all the three dimensions as a part of the education and research programme for promoting universal understanding arid peace.

**Possible actions for Unity of Minds**

**Nalanda University for Unity of Minds (21st Century):**

This project is to draw inspiration from the rich historical traditions of Nalanda University can contribute to create a new framework, in the modern context, to generate, share and disseminate knowledge and skills. It will be a place for meeting of minds from the national and international arena to do research on unity of minds linking human welfare, science, technologies, economics and spirituality.

To translate these thoughts, the University will have the following Missions.

(1) Recapturing in the modern context the holistic traditions of knowledge creation, acquisition and dissemination as practiced in ancient Nalanda.

(2) Working towards building an inclusive society In a world free of violence, terror, war, and fear;

(3) Making Nalanda a meeting place for equitable societal welfare, scientific, spiritual, philosophical and religious thoughts. This will provide a platform for research for exploring solution to typical problems of planet earth such as water and energy, survival from the environmental angle, international conflicts and above all elimination of poverty.

(4) Creating an action oriented academic structure using the core competence of nations to give the planet earth leadership and the management in the education with value system, transforming religion into spiritual force and economic development and

(5) Providing leadership to world peace.

**Conclusion**

While I was in Tawang in 2003, I asked the Chief Monk, how in Tawang villages and monastry, I am experiencing peace and happiness being radiated by everyone. There was a pause, the chief monk smiled. He said, "You are the President of India. You will be knowing all about us and the whole nation. Again I said, "It is very important for me, you please give me your thoughtful analysis".

There was a beautiful golden image of Lord Buddha radiating smile and peace. The Chief Monk assembled nearby all his nearly 100 young and experienced monks. The Chief Monk and myself were sitting amidst them. The Chief Monk gave a short discourse, which I would like to share with you. Chief Monk said, "In the present world, we have a problem of distrust, unhappiness transforming into violence. This monastery spreads: when you "Remove "I" and "Me" from your mind, you will eliminate ego; if you get rid of ego, hatred towards fellow human beings will vanish; if the hatred goes out of our mind, the violence in thinking and action will disappear; if violence in our mind is taken away, peace springs in human minds. Then peace and peace and peace alone will blossom in the society". I realized the meaning of beautiful equation for peaceful life, but difficult mission for the individual is how to remove the ethos of "I" and "ME". For this, we need the education inculcated in the young age.





When Seethakkadi a Muslim Administrator can become a profound Chief Minister of a Hindu kingdom, a Christian father can give a church for scientific programme, when a 100 year old saint is giving and empowering youth with knowledge irrespective of religion, caste or societal status, I see the evolution of enlightened citizens in different packets. Definitely we can provide leadership for evolution of civilizational Harmony for the whole world. Institutions like Nalanda University across the nation can promote the evolution of happy, prosperous and safe planet earth. Certainly Diocese of Cochin is partners in such missions.

Let me greet, all the members of Diocese of Cochin on the occasion of concluding ceremony of the 450th Jubilee Celebrations. My best wishes to all the members of Diocese of Cochin success in their mission of promoting Global peace, prosperity and happiness.

May God bless you.

**Dr. APJ Abdul Kalam**
**www.abdulkalam.com**

# സാൻതോം ഇടവക ചരിത്രം

**ഫാ. ഗ്രിംബാൾഡ് ലന്തപ്പറമ്പിൽ**



ഒരു വൻവൃക്ഷത്തിന്റെ പച്ചിലത്തലപ്പിലെ തളിരിലയ്ക്ക് ഒരുൾവിളി ഉണ്ടായി. തന്റെ അസ്ഥിത്വത്തിന്റെ അർത്ഥം അറിയണം. അത് അന്വേഷണം ആരംഭിക്കുകയായി. ആദ്യം ആ തളിരില തന്നെതന്നെ കണ്ടു. പിന്നെ അത് നിന്നിരുന്ന ഞെട്ട് കണ്ടു. പിന്നെ കാഴ്ച, അത് നിന്നിരുന്ന ശാഖയിലെത്തി. പിന്നെയും പിന്നെയും താഴേക്ക് ശാഖകളിൽ നിന്ന് ശാഖകളിലേക്ക് കാഴ്ച ഒഴുകിയിറങ്ങവേ, തളിരിലയ്ക്കത്ഭുതം ! തന്നെ താങ്ങി നിർത്തുന്ന ശാഖയ്ക്കു താഴെ എത്രയെത്ര ശാഖകൾ... അതിൽ എത്രയെത്ര പൂക്കൾ, ഇലകൾ.... ഓരോ ശാഖകളിലൂടെയും പൂക്കളിലൂടെയും ഇലകളിലൂടെയും കടന്ന് അന്വേഷണം പുരോഗമിക്കവേ, അതാ തായ്ത്തടി. അതിന്റെ ഓരോ ഭാഗവും സൂക്ഷ്മമായി അറിഞ്ഞുകൊണ്ട് കാഴ്ച തുടരവേ, അതാ താഴെ വേരുകൾ, ആയിരം ആയിരം വേരുകൾ... അതിലൊന്ന് തായ് വേര്. അന്വേഷണം തീർന്നു എന്ന് ചിന്തിച്ച നിമിഷം വേരോടു ചേർന്നു നിൽക്കുന്ന ഭൂമിയുടെ വേരുകൾ അതാ താഴേക്ക് .... ഭൂമിയിലൂടെ വേരുകളിലേക്ക് കണ്ണു പായ്ക്കവേ, അതാ പ്രപഞ്ചം. പ്രപഞ്ചത്തിന്റെ വേരുകൾ അന്വേഷിച്ചപ്പോൾ അവാച്യവും അനിർവ്വചനീയവുമായ അപാരാത ... സർവ്വസൃഷ്ടിജാലങ്ങളുടെയും കാരണമായ പരാപര ശക്തി, ചരിത്രങ്ങളുടെയൊക്കെ ചരിത്രമായ ദൈവം.

വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സമൂഹത്തിന്റെയും വേരുകൾ തേടിയുള്ള അന്വേഷണമാണ് ചരിത്രം.





ഇന്നലെകളെ, ഇന്നുമായി ബന്ധിപ്പിക്കുന്ന സുവർണ്ണ നൂലാണത്. ഇന്നലെകളെ സൂക്ഷ്മമായി അറിയുകയും അവയെ ഒരു നാളും മറക്കാതെ ഇന്നിൽ ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമേ വേരുകളെ മറക്കാത്ത, തലമറന്ന് എണ്ണ തേക്കാത്ത, നന്ദിയുള്ള മനുഷ്യരും സമൂഹവും രാഷ്ട്രവും ഉണ്ടാകൂ. ഇന്നിനെ ഇന്നാക്കിതീർത്ത വേരുകളെ അന്വേഷിച്ചറിയുക എന്നത് അതിനാൽ തന്നെ വളരെയേറെ പ്രാധാന്യമേറിയ കാര്യമാണ്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഈ വേരുകൾ അറിയുമ്പോൾ മാത്രമേ, സമ്പൂർണ്ണമായ വളർച്ച സാധിക്കുകയുള്ളൂ. നിർഭാഗ്യവശാൽ വേരുകളെ മറന്നു പോകുന്ന പുതു തലമുറയുടെ ലോകത്തിലാണ് ഇന്നത്തെ നമ്മുടെ ജീവിതം. വേരുകളെ മറക്കുന്ന വ്യക്തി അധഃപതിക്കുന്നു. വേരുകളെ മറക്കുന്ന കുടുംബം തകരുന്നു. വേരുകളെ മറക്കുന്ന രാഷ്ട്രം തരിപ്പണമാകുന്നു. നാം തീർച്ചയായും നമ്മുടെ വേരുകളെ മറക്കരുത്. എല്ലാ ചരിത്രങ്ങളുടെയും ഉത്ഭവവും അന്ത്യവും ദൈവമാണെന്ന ബോധ്യവും നമ്മിൽ മരിക്കരുത്.

ദൈവപരിപാലനയുടെയും, ദൈവാത്മാവിനാൽ നയിക്കപ്പെട്ട ഏറെ മനുഷ്യരുടെ സന്മനസ്സോടെയുള്ള കർത്തവ്യനിർവ്വഹണത്തിന്റെ ഫലമായി കൊച്ചി രൂപതയിൽ രൂപപ്പെട്ട സാൻതോം എന്ന 27 വയസ്സ് പ്രായമുള്ള ഒരു ഇടവകയുടെ ചരിത്രമാണ് ഇവിടെ കുറിക്കപ്പെടുന്നത്. 1990 ജനുവരി 26-ാം തിയ്യതി കൊച്ചി രൂപതയുടെ കാലംചെയ്ത മുൻ മെത്രാൻ ജോസഫ് കുരീത്തറ പിതാവിനാൽ ഇടവകയായി പ്രഖ്യാപനം ചെയ്യപ്പെട്ട സാൻതോമിന്റെ വേരുകൾ പക്ഷേ പിന്നെയും ഏറെ വർഷങ്ങൾ പിറകിലേക്ക് നീണ്ടു കിടക്കുന്നുണ്ട്. വരു! ദൈവാനുഗ്രഹത്തിന്റെ ആ ചരിത്രത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

വിസ്തൃതമായ ഇടവകകളിൽ വൈദീകരുമായി ഇടവകജനങ്ങൾക്ക് കുർബ്ബാന തുടങ്ങിയ കൗദാശിക ആവശ്യങ്ങൾക്കായി നേരിട്ട് ബന്ധപ്പെടുവാൻ സാധ്യമല്ലാതെ വരുമ്പോഴാണ് അത്തരം പ്രദേശങ്ങളിൽ കപ്പേളകൾ സ്ഥാപിതമാകുന്നത്.

ഇപ്രകാരം ചുള്ളിക്കൽ സെന്റ് ജോസഫ്സ് ഇടവകയുടെ കീഴിൽ വി. തോമസ് അപ്പോസ്തോലന്റെ നാമധേയത്തിൽ സ്ഥാപിതമായ കപ്പേളയിലെ ദൈവസാന്നിദ്ധ്യത്തിൽ നിന്നാണ് ഇന്നത്തെ സാന്തോം ദേവാലയം രൂപാന്തരപ്പെട്ടത്. 1976 ജൂലൈ 22-ാം തീയ്യതി അഴീക്കൽ കൊച്ചാപ്പൂ മകൻ ആൻഡ്രൂ, അഴീക്കലൽ കൊച്ചാപ്പൂ സേവ്യർ ഭാര്യ ത്രേസ്യ എന്നിവരിൽ നിന്നും കൊച്ചി രൂപതയ്ക്കുവേണ്ടി അന്നത്തെ രൂപതാ പ്രൊക്കുറേറ്റർ റവ. ഫാദർ ഗർവ്വാസീസ് മുളക്കര 30 ച. ലിംഗ്സ് സ്ഥലവും അതിലിരിപ്പ് കെട്ടിടവും വാങ്ങിയിട്ടുണ്ടായിരുന്നു. പ്രസ്തുത കെട്ടിടത്തിന് അത്യാവശ്യം വേണ്ടുന്ന മിനുക്കു പണികൾ ചെയ്താണ് അതൊരു കപ്പേളയാക്കി രൂപാന്തരപ്പെടുത്തിയത്. 1976 നവംബർ 24-ാം തീയ്യതി അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവ് ഈ കപ്പേളയുടെ ആശീർവ്വാദ കർമ്മം നടത്തി. ഭാരത അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ നാമധേയത്തിൽ ആണ് ഈ കപ്പേള പ്രതിഷ്ഠിക്കപ്പെട്ടത്. ഒരു പ്രവചനമെന്നോണം ആ ദിവസം അഭിവന്ദ്യ തീരുമേനി പ്രഖ്യാപിച്ചിരുന്നു, ഇതൊരു ഇടവകയായി രൂപാന്തരപ്പെടുമെന്ന്. കപ്പേളയിലെ വിശുദ്ധ തോമാശ്ലീഹായുടെ രൂപം സംഭാവന ചെയ്തത് മോൺ. തോമസ് പുത്തൻവീടൻ ആയിരുന്നു. കപ്പേളയുടെ പ്രാരംഭഘട്ടത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും സജീവമായി വൈദികരോടൊപ്പം പ്രവർത്തിച്ചവരിൽ പ്രമുഖരാണ് പീടികപ്പറമ്പിൽ ജോസഫ് ജോസഫ്, ചാത്തനാട്ട് ലോനി മാസ്റ്റർ, കാട്ടിപ്പറമ്പിൽ തോമസ് ജോൺ, അറക്കപ്പറമ്പിൽ പീറ്റർ ജോസഫ്, വട്ടമാക്കൽ ജോസഫ് ജോസഫ്, ചുള്ളിക്കൽ ചോറി ജോർജ്ജ്, കൊമരോത്ത് മിഖയേൽ മൈക്കിൾ, പുത്തൻപറമ്പിൽ സേവ്യർ ആന്റണി, കുത്തുകാട്ട് ലോനി അഗസ്റ്റിൻ എന്നിവർ. കപ്പേളയുടെ ആരംഭം മുതൽ ഇന്നോളം തിരുക്കർമ്മങ്ങളിൽ സഹായിയും, ദേവാലയ കാര്യങ്ങളിൽ സജീവ സാന്നിദ്ധ്യവുമാണ് അറക്കപ്പറമ്പിൽ ജോസഫും കുടുംബാംഗങ്ങളും. റവ.ഫാ.ജോളി അറക്കപ്പറമ്പിൽ ശ്രീ. ജോസഫ് അറക്കപ്പറമ്പിലിന്റെ പുത്രനാണ്. മറ്റൊരു





പുത്രനായ ജെറോം അറക്കപ്പറമ്പിൽ സാൻതോമിലെ സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ അതിന്റെ ആരംഭം മുതൽ ഇന്നോളം പങ്കാളിയുമാണ്.

നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ചയാണ് ഈ കപ്പേളയിൽ വി. തോമാശ്ലീഹായുടെ തിരുന്നാൾ നടത്തിയിരുന്നത്. തിരുന്നാളാഘോഷങ്ങളുടെ ചുമതല അതാതു കാലങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റിയായിരുന്നു നിർവ്വഹിച്ചിരുന്നത്. ഭക്തജനങ്ങളിൽ നിന്ന് തിരുന്നാൾ നടത്തിപ്പിലേക്ക് നിർലോഭമായ സാമ്പത്തിക സഹായങ്ങൾ ആരംഭകാലം മുതലേ ലഭിച്ചിരുന്നു. റവ.ഫാ.ഗർവ്വാസിസ് മുളക്കര, റവ.ഫാ. ജോസഫ് കരിയിൽ, റവ.ഫാ. ജോപ്പി കൂട്ടുങ്കൽ, റവ.ഫാ. സേവ്യർ ഒരപ്പന, റവ.ഫാ.ജോൺ തട്ടുങ്കൽ, റവ.ഫാ. വിക്ടോറിനൂസ് താഴിശ്ശേരി, റവ. ഫാ.ജോസഫ് പൊള്ളയിൽ, റവ.ഫാ. മാത്യു അത്തിപ്പൊഴി, റവ.ഫാ.ഫ്രാൻസീസ് ഫെർണാണ്ടസ് എന്നിവർ ഈ കപ്പേളയുടെ ആത്മീയ പിതാക്കൻമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. റവ.ഫാ.ജോസഫ് പൊള്ളയിലിന്റെ കാലത്താണ് ഇവിടെ മതപഠന ക്ലാസ്സുകളും നിത്യസഹായമാതാവിന്റെ നൊവേനയും ആരംഭിച്ചത്. ആരംഭത്തിൽ 5 ക്ലാസ്സുകൾ മാത്രം ഉണ്ടായിരുന്ന സൺഡേ സ്കൂൾ പ്രവർത്തനങ്ങളെ 10 ക്ലാസ്സുകൾ വരെ ഉയർത്തിയത് റവ.ഫാ. ഫ്രാൻസീസ് ഫെർണാണ്ടസ് ആയിരുന്നു.

1979 ജൂൺ മാസം അഞ്ചാം തീയ്യതി അക്യേഴത്ത് ബത്തോ മകൾ മേറിയിൽനിന്നും പള്ളി ആവശ്യത്തിലേക്ക് 32 സെന്റ് ചതുപ്പ് നിലവും, അതേ വർഷം ജൂലൈ 19-ാം തീയ്യതി അതോടടുത്തു കിടന്നിരുന്ന 24 സെന്റ് ചതുപ്പ് നിലവും കൊച്ചി രൂപതയ്ക്കുവേണ്ടി അന്നത്തെ പ്രൊക്കുറേറ്റർ ഫാ.ഗർവ്വാസീസ് മുളക്കര വാങ്ങുകയുണ്ടായി. മുണ്ടംവേലി റോഡിൽ നിന്ന് മേൽപ്പറഞ്ഞ സ്ഥലത്തേക്കുള്ള വഴിക്കുവേണ്ടി 1984 ഫെബ്രുവരി 3-ാം തീയ്യതി 6 സെന്റ് 720 ച.ലിംഗ്സ് സ്ഥലം വാങ്ങിയത് ഇന്നത്തെ അഭിവന്ദ്യ കൊച്ചി മെത്രാൻ, അന്നത്തെ റവ. ഫാദർ ജോൺ തട്ടുങ്കൽ ആയിരുന്നു.

1987ൽ മുണ്ടംവേലി സെന്റ് ലൂയിസ് ഇടവക വികാരിയായിരുന്ന റവ.ഫാ. ജോസഫ് കളപ്പുരക്കലിന്റെ ആശയപ്രകാരം കപ്പേളയുടെ തെക്കുവശം ത്രിവേണി എന്റർപ്രൈസസിനു വേണ്ടി പണിതുവന്ന കെട്ടിടവും $22^{3}/_{4}$ സെന്റ് സ്ഥലവും പുന്നക്കൽ അഗസ്റ്റിൻ മകൻ മർസേയ, അദ്ദേഹത്തിന്റെ മക്കളായ ആന്റണി, റവ.ഫാ.സ്റ്റീഫൻ എന്നിവരിൽ നിന്നും വാങ്ങുകയുണ്ടായി. അന്ന് രൂപത പ്രൊക്കുറേറ്ററായിരുന്ന റവ.ഫാ. ജോൺ തട്ടുങ്കൽ തന്നെയായിരുന്നു ഈ സ്ഥലം വാങ്ങുന്നതിലും മുൻകൈയെടുത്തത്. പിന്നീട് പ്രൊക്കുറേറ്ററായി നിയമിതനായ റവ.ഫാ. ഡോമിനിക് അലുവാപ്പറമ്പിലിന്റെ കാലത്താണ് ആ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഇടപാടുകളൊക്കെ തീർന്ന് കൈവശം കിട്ടിയത്.

1988-89 കാലഘട്ടത്തിൽ ഈ കപ്പേളയക്ക് ഒരു പുതുജീവൻ കൈവന്നു. ഇക്കാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് റവ.ഫാ. തോമസ് പറത്തറ ആയിരുന്നു. തിരുക്കർമ്മങ്ങൾക്കും മതബോധനപ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നല്ലൊരു ക്രൈസ്തവകൂട്ടായ്മ വളർത്തി യെടുക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. ഈ കാലഘട്ടത്തിൽ സൺഡേസ്കൂളിൽ 11-ാം ക്ലാസ്സും ആരംഭിച്ചു. അപ്പോൾ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നത് ഈരവേലി മാർക് വർഗ്ഗീസായിരുന്നു. ഈ കാലയളവിൽതന്നെ തിരുകർമ്മങ്ങൾ സജ്ജീവമാക്കുന്നതിന് സൺഡേ സ്കൂൾ അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഗായകസംഘവും രൂപീകരിക്കപ്പെട്ടു.

കപ്പേളയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെട്ടതോടെ കപ്പേളയിൽ സൗകര്യക്കുറവ് ഒരു പ്രശ്നമായി. കപ്പേളയിലും അതിനുചുറ്റുമുള്ള നാലു വീടുകളിലായിട്ടാണ് സൺഡേക്ലാസ്സുകൾ നടത്തിയിരുന്നത്. ശൈശവകാലം പിന്നിട്ട് ഒരു കുഞ്ഞ് യൗവ്വനകാലത്തിലേക്ക് വളരുന്നതുപോലെ സൗകര്യമില്ലായ്മയുടെ അസ്വസ്ഥതകളോടെ കപ്പേള ഒരു പുതിയ ദേവാലയമാകാനുള്ള സമയത്തിലേക്ക് പ്രവേശിക്കുകയായിരുന്നു.





ദൈവപരിപാലനയുടെ ഭാഗമായി പുതിയൊരു ദേവാലയം എന്ന ആവശ്യം എല്ലാവരുടെയും ഉള്ളിൽ ജ്വലിച്ചുതുടങ്ങി. അങ്ങിനെ പുതിയതായി വാങ്ങിയ സ്ഥലത്തെ കെട്ടിടം നല്ലൊരു പള്ളിയായി രൂപാന്തരപ്പെടുത്താനുള്ള താല്പര്യം ഉയർന്നുവന്നു. അഭിവന്ദ്യ കുരീത്തറ പിതാവ് ഇതിന് സമ്മതം നൽകിയതോടെ പുതിയ പള്ളിയുടെ നിർമ്മാണം ആരംഭിച്ചു. റവ.ഫാ. തോമസ് പറത്തറയും പൊതുയോഗം തെരഞ്ഞെടുത്ത 26 അംഗങ്ങളുമായിരുന്നു പള്ളി നിർമ്മാണ കമ്മറ്റിയിൽ ഉണ്ടായിരുന്നത്. ശ്രീ. പുത്തൻപുരയ്ക്കൽ ജോസഫ് മകൻ സിറിൾ ആണ് വൈദികരോടൊപ്പം പള്ളി പണിയുടെ മേൽനോട്ടം വഹിച്ചത്. പുതിയ ദേവാലയത്തിന്റെ അകം മൊസൈക് വിരിച്ച് മോടി പിടിപ്പിക്കണമെന്ന കമ്മറ്റിയുടെ തീരുമാന പ്രകാരം പറത്തറ അച്ചനും കമ്മറ്റി അംഗങ്ങളും ചേർന്ന് വീടുവീടാന്തരം കയറിയിറങ്ങി 30,000 രൂപ പിരിച്ചെടുത്താണ് ആ തീരുമാനം യാഥാർത്ഥ്യമാക്കിയത്. അന്ന് സൺഡേ സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്ന ഈരവേലി മാർക് വർഗ്ഗീസിന്റെ നേതൃത്വത്തിൽ, മതപഠനക്ലാസ്സുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സംഭാവന കൂപ്പണുകൾ വിറ്റ് പണം സമാഹരിച്ചാണ് 100 കിലോ തൂക്കം വരുന്ന പള്ളിമണി വാങ്ങിയത്. പുതിയ ദേവാലയത്തിലേക്ക് ഇടവക മദ്ധ്യസ്ഥനായ തോമാശ്ലീഹായുടെ തിരുസ്വരൂപം കൊത്തിച്ച് സംഭാവന ചെയ്തത് ഡോ. കെ.ബി.ജേക്കബ് ആണ്. നിത്യസഹായമാതാവിന്റെ തിരുസ്വരൂപം കൊത്തിച്ചെടുത്തത് പൊതുപിരിവിൽ നിന്ന് പണം നൽകിയാണ്. ദേവാലയ നിർമ്മാണത്തിന്റെ ആദ്യാവസാനം അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിന്റെയും പ്രൊക്കുറേറ്ററിന്റെയും മേൽനോട്ടവും നിർദ്ദേശവും ഉണ്ടായിരുന്നു.

1989 ജനുവരി 26-ാം തീയ്യതിയാണ് പുതിയ ദേവാലയത്തിന്റെ ആശീർവ്വാദ കർമ്മം നടന്നത്. അത്യന്തം ആഘോഷപൂർവ്വകമായിരുന്നു ആശീർവ്വാദകർമ്മവും ഉദ്ഘാടനവും. അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിന്റെ മുഖ്യകാർമ്മികത്വ

ത്തിൽ തിരുകർമ്മങ്ങൾ ആരംഭിച്ചു. ഫോർട്ടുകൊച്ചി ഫൊറോന വികാരിയായിരുന്ന വെരി.റവ.ഫാ. മാത്യു അത്തിപ്പൊഴി ദേവാലയത്തിലെ പ്രധാന കവാടത്തിലെ നാട മുറിച്ചു പള്ളി ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രാർത്ഥനകൾ ഉരുവിട്ട് ദേവാലയത്തിൽ പുത്തൻവെള്ളം തളിച്ച് അഭിവന്ദ്യപിതാവ് ദേവാലയം ആശീർവ്വദിച്ചു. അതിനുശേഷം ലോകത്തിന്റെ പ്രകാശമായ യേശുവിന്റെ സാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കുന്ന ദീപനാളം അഭിവന്ദ്യ മെത്രാൻ റവ.ഫാ.തോമസ് പറത്തറയ്ക്ക് കൈമാറി. അദ്ദേഹം അത് അൾത്താരയിൽ പ്രതിഷ്ഠിച്ചു. പിന്നീട് ഇടവക മദ്ധ്യസ്ഥനായ വി.തോമസ് അപ്പസ്തോലന്റെയും നിത്യസഹായമാതാവിന്റെയും തിരുസ്വരൂപങ്ങളുടെ പ്രതിഷ്ഠയും, സക്രാരിയിൽ പരിശുദ്ധ കുർബ്ബാന സ്ഥാപനവും അഭിവന്ദ്യ തീരുമേനി നിർവ്വഹിച്ചു. തുടർന്നുള്ള പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയത് മംഗലപ്പുഴ സെമിനാരി പ്രൊഫസറായിരുന്ന റവ.ഡോ. ആന്റണി നരികുളം ആയിരുന്നു. പുതിയ ദേവാലയം സ്ഥാപിതമായതോടെ തിരുകർമ്മങ്ങൾക്കും സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കും മറ്റു സേവനപ്രവർത്തനങ്ങൾക്കുമൊക്കെ പുതിയ ഊർജ്ജസ്വലതയും വളർച്ചയും കൈവന്നു.

പുതിയ ദേവാലയത്തേയും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലെ ദൈവജനത്തെയും ചേർത്തു കൊണ്ട് ഒരു ഇടവകയായി രൂപാന്തരപ്പെടുക എന്നതായിരുന്നു സാൻതോമിന്റെ വളർച്ചയുടെ അടുത്ത പടി. ദേവാലയ ആശീർവ്വാദത്തിന്റെ പ്രഥമ വാർഷികത്തിൽ തന്നെ ഇടവക രൂപീകരണ കർമ്മം നടക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇതോടെ റവ.ഫാ. തോമസ് പറത്തറയുടെ നേതൃത്വത്തിൽ ആരംഭിച്ചു. ഇതിന് നേതൃത്വം നൽകാൻ 26 അംഗങ്ങളുള്ള ഒരു കമ്മിറ്റിയെ പള്ളിക്കമ്മിറ്റിയായി ചുമതലപ്പെടുത്തി. ഇതേതുടർന്ന് 101 കുടുംബനാഥൻമാരുടെ ഒരു നിവേദനം പ്രസ്തുത കമ്മിറ്റി അംഗങ്ങൾ 1989 ഒക്ടോബർ 24-ാം തീയ്യതി അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിന് നൽകി. ആ നിവേദനം ഇങ്ങനെയായിരുന്നു.





അഭിവന്ദ്യ പിതാവേ, നസ്രത്ത് ഹോളി ഫാമിലി , ചുള്ളിക്കൽ സെന്റ് ജോസഫ്, പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ്, മുണ്ടംവേലി സെന്റ് ലൂയിസ് എന്നീ ഇടവകകളിലെ അംഗങ്ങളായ ഞങ്ങൾ കഴിഞ്ഞ 13 വർഷങ്ങളായി വി. തോമസ് അപ്പ്തോലന്റെ നാമധേയത്തിൽ ഇവിടെ സ്ഥാപിതമായ കപ്പേള കേന്ദ്രമാക്കി ഞങ്ങളുടെ ആത്മീയ ജീവിതം നയിച്ചുവരുന്നതാകുന്നു. കഴിഞ്ഞ വർഷം അങ്ങ് ഞങ്ങൾക്ക് വേണ്ടി ഒരു പുതിയ പള്ളിയും അതോടൊപ്പം ഒരു സെമിത്തേരിയും, താൽക്കാലികമായിട്ടെങ്കിലും ഒരു അച്ചന് താമസിക്കാനുള്ള സൗകര്യവും ഒരുക്കി തന്നിട്ടുള്ളതിൽ ഞങ്ങൾ നന്ദി ഉള്ളവരാണ്. ഈ പള്ളി കേന്ദ്രമാക്കി ഒരു പുതിയ ഇടവക രൂപീകരിച്ച് കിട്ടണമെന്നതാണ് ഞങ്ങളുടെ ചിരകാല അഭിലാഷം. ഞങ്ങളുടെ ഈ ആഗ്രഹം ഒരു യാഥാർത്ഥ്യമാകുമാറ് അങ്ങ് ഞങ്ങൾക്കുവേണ്ടി ഒരു ഇടവക സ്ഥാപിച്ചു തരികയും അതിന്റെ നടത്തിപ്പിനുവേണ്ട ഒത്താശകൾ ചെയ്തു തരികയും ചെയ്യണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു. 101 കാരണവൻമാർ എഴുതിയ ഈ നിവേദനം സ്വീകരിച്ചുകൊണ്ട് 1990 ജനുവരി 26 ന് ദേവാലയത്തിന്റെ പ്രഥമ ആശീർവ്വാദ വാർഷികദിനത്തിൽ തന്നെ വിശുദ്ധന്റെ തിരുന്നാളാഘോഷ പരിപാടികളും ഇടവകരൂപീകരണ പ്രഖ്യാപനവും മുഖ്യകാർമ്മികനായി നടത്തിത്തരാമെന്ന് അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവ് സമ്മതിച്ചു. ഇടവക രൂപീകരണത്തിന്റെ ഭാഗമായി വീടു സന്ദർശനവും സെൻസസ് പ്രവർത്തനങ്ങളും, ഇടവക കുടുംബങ്ങളെ 20 മുതൽ 30 വരെ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന യൂണിറ്റുകളായി തിരിച്ച് കുടുംബ യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. ഇതോടനുബന്ധിച്ച് യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ഓരോ വീടിനും പ്രത്യേക യൂണിറ്റ് നമ്പർ, ഇടവകയുടെ പേര്, എന്നിവ ചേർത്ത്, യേശു ഞങ്ങളുടെ നാഥൻ, ഇത് കത്തോലിക്ക ഭവനം എന്ന തലക്കെട്ടോടു കൂടി, ക്രിസ്തുവിന്റെ ചിത്രമുള്ള, നീലയും വെള്ളയും കലർന്ന ആകർഷണീയമായ ലോഹഫലകം എല്ലാ കുടുംബങ്ങൾക്കും നൽകി. ആ വർഷത്തെ തിരുന്നാൾ

പ്രസുദേന്തിയായി നിശ്ചയിക്കപ്പെട്ടത് മെൽവിൻ ജോസഫ് വിവേര ആയിരുന്നു. 1990 ജനുവരി 22-ാം തീയ്യതി തിരുന്നാൾ ആഘോഷം ആരംഭിച്ചു. അന്ന് തിരുന്നാൾ കൊടിയേറ്റത്തിനു ശേഷം അഭിവന്ദ്യപിതാവിന്റെ തിരുവെഴുത്ത് വായിച്ചുകൊണ്ട് വികാരി ജനറൽ മോൺ.പോൾ കാട്ടിശ്ശേരി, വി. തോമസ് അപ്പസ്തോലന്റെ നാമത്തിലുള്ള കൊമ്പ്രിയ, സ്ഥാപിച്ചു. കൊമ്പ്രിയ സ്ഥാപകാംഗങ്ങളായി അന്ന് 20 പേർ ഇരുമ ഇരുന്നു. അങ്ങിനെ എല്ലാ സജ്ജീകരണങ്ങളോടെ ഒരു പള്ളിയും അതിനു ചുറ്റുമുള്ള ജനങ്ങളും ഒരു ഇടവകയായി - നല്ലിടയ നായ യേശുവിന്റെ വകയായി - മാറുവാനുള്ള തീഷ്ണമായ ആഗ്രഹത്തോടെ പ്രാർത്ഥനയോടെ ആ ദിനവും കാത്തിരുന്നു.

1990 ജനുവരി 26, രാവിലെ ഇടവക പ്രഖ്യാപന തിരുകർമ്മ ങ്ങൾ അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിന്റെ മുഖ്യകാർമ്മി കത്വത്തിൽ ആരംഭിച്ചു. തിരുകർമ്മങ്ങൾക്കിടയിൽ സാൻതോം ഇടവക രൂപീകരിച്ചുകൊണ്ട് രൂപതാദ്ധ്യക്ഷൻ പുറപ്പെടുവിച്ച ബൂളാ വികാരി ജനറൽ വായിച്ചു. അതിന്റെ മലയാള പരിഭാഷ റവ.ഫാ. ജോസഫ് പൊള്ളയിൽ ആണ് വായിച്ചത്. നാല് തലപ്പള്ളികളിലെ വികാരിമാരായിരുന്ന റവ. ഫാ.ജോസഫ് പൊള്ളയിൽ (മുണ്ടംവേലി), റവ. ഫാ. ആന്റണി കൊച്ചുകരിയിൽ (ചുള്ളിക്കൽ), റവ.ഫാ. സേവ്യർ ഒരപ്പന (പള്ളുരുത്തി), റവ.ഫാ. ടോമി മണക്കാട് (നസ്രത്ത്) എന്നിവരും പുതിയ ഇടവകയുടെ പ്രഥമ വികാരിയായി നിയമതിനായ റവ.ഫാ.തോമസ് പറത്തറ യും ഈ പ്രഖ്യാപനത്തിൽ ഒപ്പു വയ്ക്കുകയും ചെയ്തു. 840 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന പുതിയ ഇടവകയുടെ രൂപീകരണ പ്രഖ്യാപനത്തിന്റെ അലയടികൾ വാദ്യാഘോഷ ങ്ങളായും കരിമരുന്നു പ്രയോഗങ്ങളായും ദേവാലയമണിനാദമാ യും ഉയർന്നുകൊണ്ടിരുന്നു. പുതിയ ഇടവകയ്ക്ക് കർത്താവി ന്റെ പാസ്ക്കൽ രൂപം നൽകിയത് ചുള്ളിക്കൽ ഇടവകയും അതിനുള്ള മഞ്ചം നൽകിയത് നസ്രത്ത് ഇടവകയുമാണ്.

സാൻതോം ഒരു പുതിയ ഇടവകയായി രൂപാന്തരപ്പെട്ട തോടെ അതിലെ ആരാധനക്രമവും മതബോധന പ്രവർത്തന





ങ്ങളും ആത്മീയ പ്രസ്ഥാനങ്ങളും, സേവനപ്രവർത്തനങ്ങളും ഫാ.തോമസ് പറത്തറയുടെ നേതൃത്വത്തിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തനനിരതമായി. ഒരു കൊച്ചച്ചന്റെ സാന്നിദ്ധ്യം ഇടവകപ്രവർത്തനങ്ങളിൽ അനിവാര്യമായപ്പോൾ ഫാ.ആന്റണി ആലുങ്കൽ പറത്തറ അച്ചന്റെ അസിസ്റ്റന്റായി സാൻതോമിലെത്തി. അവിടെ താമസ സൗകര്യം ഇല്ലാഞ്ഞ തിനാൽ മുണ്ടംവേലി പള്ളിയുടെ മേടയിൽ താമസിച്ചു കൊണ്ടാണ് ആന്റണി ആലുങ്കൽ അച്ചൻ ഒരു വർഷത്തോളം പ്രവർത്തിച്ചിരുന്നത്. അകാലത്തിൽ നിര്യാതനായ ആന്റണി ആലുങ്കൽ അച്ചനെ ഇവിടെ സ്നേഹപൂർവ്വം അനുസ്മരിക്കുന്നു. അച്ചൻമാരുടെ താമസ സൗകര്യം ഒരു പ്രശ്നമായ ഘട്ടത്തിൽ ഫാ.തോമസ് പറത്തറയുടെ അശ്രാന്ത പരിശ്രമ ഫലമായി നിർമ്മിക്കപ്പെട്ടതാണ് സാന്തോമിലെ ഇന്നത്തെ പള്ളിമേട. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ആദ്യന്തം ആത്മാർ ത്ഥതയോടെ പങ്കാളികളായവരിൽ പ്രമുഖനാണ് ശ്രീ.ജോൺ കോന്നോത്ത്. അന്നത്തെ പ്രൊക്കുറേറ്ററായിരുന്ന ഫാ. ഡൊമിനിക് അലുവാപറമ്പിലിന്റെ സഹായ സഹകരണങ്ങളും പള്ളിമേട യുടെ നിർമ്മാണത്തിലുണ്ടായിരുന്നു. ഫാ.തോമസ് പറത്തറ യുടെ സേവനകാലത്ത് സാന്തോം ഇടവകയിൽ രണ്ട് കോൺവെന്റുകൾ സ്ഥാപിക്കപ്പെടുകയുണ്ടായി. ഫിലിപ്പ്നേരി കോൺവെന്റും, സാന്താമരിയാ കോൺവെന്റും. ഈ കോൺവെന്റു കളുടെ ആത്മീകവും ഭൗതീകവും വിദ്യാഭ്യാസപരവുമായ സേവനപ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ഈ രണ്ട് കോൺവെന്റുകളും സാൻതോം ഇടവകയ്ക്ക് വലിയ മുതൽക്കൂട്ടാണ്.

1993 ജനുവരിയിൽ ഫാ. അലക്സ് കണ്ണിക്കാട്ട് സാൻതോ മിന്റെ അസിസ്റ്റന്റായി ചാർജ്ജെടുത്തു. അപ്പോഴെക്കും രൂപതാ പത്രങ്ങളായ സദ് വാർത്ത, ഇന്ത്യൻ കമ്മ്യൂണിക്കേറ്റർ എന്നി വയിൽ ഫാദർ പറത്തറയ്ക്ക് കൂടുതൽ പ്രവർത്തനനിരതനാ കേണ്ടി വന്നു. ഈ ഘട്ടത്തിൽ ഒരു വികാരിയോടടുത്ത കാര്യ ക്ഷമതയോടെ ഫാ.അലക്സ് കണ്ണിക്കാട്ട് പ്രവർത്തന നിരതനായി.

അന്ന് പള്ളിയങ്കണത്തിൽ അച്ചൻ വെച്ച തേക്കുമരങ്ങൾ ഇന്ന് അച്ചന്റെ ഓർമ്മകളോടെ വൻ വൃക്ഷങ്ങളായി നിൽക്കുന്നുണ്ട്. രണ്ടുവർഷക്കാലം അലക്സ് അച്ചൻ ചെയ്ത സ്നേഹോജ്ജ്വല മായ സേവനങ്ങളെ സാൻതോം നിവാസികൾ ഇന്നും അനുസ്മരിക്കുന്നു. ഫാ. അലക്സ് കണ്ണിക്കാട്ടിനെ തുടർന്ന് ഏതാനും മാസങ്ങളോളം ഫാ.ആന്റണി അഞ്ചുതൈക്കൽ സാന്തോം ഇടവകയിൽ കൊച്ചച്ചനായി സേവനം ചെയ്തിട്ടുണ്ട്.

സാൻതോം ഇടവകയുടെ സമഗ്രമായ വളർച്ചയ്ക്കായി അക്ഷീണം പരിശ്രമിച്ച് ശക്തമായ അടിത്തറ പാകിയ ഫാ.തോമസ് പറത്തറയ്ക്ക് ശേഷം 1995 ജനുവരി മാസത്തിൽ ഫാ. ലൂയീസ് കാട്ടിപ്പറമ്പിൽ സാൻതോം ഇടവകയുടെ വികാരിയായി സ്ഥാനമേറ്റു. ഫാ.ലൂയീസ് കാട്ടിപ്പറമ്പിൽ ഇടവകയിൽ സംഘടിപ്പിച്ച 7 ദിവസം നീണ്ടു നിന്ന പോപ്പുലർ മിഷൻ ധ്യാനം ഇടവകയ്ക്ക് ഒരു പുതിയ ആത്മീക അനുഭവവും ആഘോഷവുമായി. ഇടവക കുടുംബാംഗങ്ങളെ മുഴുവൻ ഒരു സ്നേഹ കൂട്ടായ്മയായി യേശുവിന്റെ സ്നേഹത്തിൽ ഒന്നിപ്പിക്കുവാൻ ഈ ധ്യാനം കാരണമായി. സാൻതോം ദേവാലയത്തിന്റെ വടക്കുവശത്തുള്ള എക്സ്റ്റെൻഷൻ ഫാ. ലൂയിസ് കാട്ടിപ്പറമ്പിൽ കൂട്ടിച്ചേർത്തതാണ്. കുടുംബ യൂണിറ്റുകളെ ശക്തമാക്കി ഇടവക പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ ലൂയീസ് അച്ചനു കഴിഞ്ഞു. 1996 ജനുവരി മാസ ത്തിൽ സാൻതോമിൽ അസി.വികാരിയായി എത്തിയ ഫാ. മാർട്ടിൻ മട്ടമ്മേൽ ഇടവക പ്രവർത്തനങ്ങളിൽ ലൂയീസ് അച്ചന്റെ വലംകൈ ആയി പ്രവർത്തിച്ചു. മാർട്ടിൻ അച്ചന്റെ കീഴിൽ ഇടവകയിലെ മതബോധന പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാകുകയും ഇടവകയ്ക്ക് ആകമാനം ഒരു പുതിയ ഉണർവ്വ് ഉണ്ടാകുകയും ചെയ്തു. രണ്ടര വർഷത്തെ സേവനത്തിനു ശേഷം മാർട്ടിൻ അച്ചൻ പുതിയ സേവനത്തിനായി പോയപ്പോൾ പകരക്കാരനായി എത്തിയത് ഫാ.ജോസഫ് നടുവിലപ്പറമ്പിലായിരുന്നു. മതബോധനത്തിലും കുടുംബ യൂണിറ്റിലെ ശാക്തീകരണത്തിലും യുവതീയുവാക്കളുടെ ആത്മീയ കൂട്ടായ്മ വളർത്തുന്നതിനും ജോസഫ് അച്ചന്റെ സേവനകാലം ഏറെ ഉപകരിച്ചു.





ഫാ.ലൂയിസ് കാട്ടിപ്പറമ്പിലിന്റെ 5 വർഷത്തെ നിസ്തുല മായ സേവനത്തിനുശേഷം ഫാ. മാത്യു അത്തിപ്പൊഴിയിൽ സാൻതോം ഇടവക വികാരിയായി സ്ഥാനമെടുത്തു. തന്റെ മാതൃ ഇടവകയായ സാന്തോമിൽ തന്നെ വികാരിയായി ഫാ. മാത്യു അത്തിപ്പൊഴിയിൽ എത്തിയത് ഇടവകയ്ക്കാക മാനം പുതിയൊരനുഭവമായി. ഇടവകയിലെ ഭൂരിഭാഗം ആളുകളും സ്വന്തക്കാരും പരിചയക്കാരുമായിരുന്നതിനാൽ അച്ചന് ഇടവക ഭരണം ഏറെ സുഗമമായിരുന്നു. ഫാ.ജോസഫ് നടുവിലപ്പറമ്പിൽ പൂങ്കാവ് ഇടവകയിലേക്ക് സ്ഥലം മാറിയ പ്പോൾ ഫാ. അത്തിപ്പൊഴിയുടെ അസിസ്റ്റന്റായി നിയമിത നായത് ഈ ലേഖകനാണ്. ഈ കാലഘട്ടത്തിൽ ഇടവക കുടുംബങ്ങളുടെയും ഇടവക അംഗങ്ങളുടെയും എണ്ണം ഏറെ വർദ്ധിച്ചിരുന്നതിനാൽ ദേവാലയത്തിനുള്ളിൽനിന്ന് തിരുകർമ്മ ങ്ങളിൽ പങ്കെടുക്കുവാൻ ഇടവകജനത്തിന് സ്ഥല സൗകര്യം അപര്യാപ്തമായി അനുഭവപ്പെട്ടുതുടങ്ങിയിരുന്നു. ഇതേ തുടർന്ന് ഇടവകയ്കയ്ക്ക് സ്വന്തമായുള്ള നാൽപ്പതോളം സെന്റ് ചതുപ്പ് നിലം നികത്തി അവിടെ ഒരു പുതിയ പള്ളി പണിയണം എന്ന ആശയം ഉയർന്നുവന്നു. അതോടെ, ഫാ.മാത്യു അത്തിപ്പൊഴിയിലിന്റെ നേതൃത്വത്തിൽ പുതിയ ഒരു ദേവാലയ ത്തിനായുള്ള അണിയറ പ്രവർത്തനങ്ങൾ സജീവമായി ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും യൂണിറ്റ് ഭാരവാഹികളെയും സംഘടനാ ഭാരവാഹികളെയും ചേർത്ത് ഒരു പള്ളി നിർമ്മാണ കമ്മിറ്റി രൂപീകരിച്ചു. ഇതേതുടർന്ന് ഒരു ദേവാലയ നിർമ്മാണഫണ്ട് ആരംഭിക്കുകയും അതിന്റെ ഉദ്ഘാടനം അഭിവന്ദ്യ കൊച്ചി മെത്രാൻ ജോൺ തട്ടുങ്കൽ പിതാവ് നിർവ്വഹിക്കുകയും ചെയ്തു. ഇതേതുടർന്ന് സ്ഥല സംബന്ധമായ കാര്യങ്ങൾ ക്രമപ്പെടുത്തുകയും വെള്ളക്കെട്ടായി കിടന്നിരുന്ന സ്ഥലം നികത്തുകയും ചെയ്തു. ഓരോ ഇടവക കുടുംബങ്ങളും പള്ളി നിർമ്മാണത്തിനായി അവരവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഒരു നിശ്ചിത തുക നൽകണം എന്ന ആശയം പ്രാവർത്തികമാക്കിക്കൊണ്ട് ഫണ്ട് സമാഹരണം ഊർജ്ജിതമാക്കി. ഈ പ്രവർത്തനങ്ങളിൽ വളരെ പ്രത്യേകമായി ടി.ജി. ജോൺ തറേപറമ്പിൽ, റോക്സൺ

കോന്നോത്ത്, തേലോ ആന്റണി പീടിയേക്കൽ, ഈശൂട്ടി പാലക്കപ്പിള്ളി, എൻ.സി.ജോസഫ് നടുവിലവീട്ടിൽ, തുടങ്ങിയവരുടെയും, മറ്റു പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും, യൂണിറ്റ് ഭാരവാഹികളുടെയും നിസ്വാർത്ഥമായ സഹകരണം ഉണ്ടായിരുന്നു. അങ്ങനെ ഏറെ നാളത്തെ പ്രാർത്ഥനയുടെയും പ്രവർത്തനങ്ങളുടെയും ഫലമായി ആ സുദിനം വന്നണഞ്ഞു, 2005 ഏപ്രിൽ 10 ഞായർ. അന്നാണ് അഭിവന്ദ്യ ജോൺതട്ടുങ്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷപൂർവ്വം പുതിയ പള്ളിക്കായുള്ള മൂലക്കല്ല് സ്ഥാപിക്കപ്പെട്ടത്. പള്ളിനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരവേ അപ്രതീക്ഷിതമായി ഫാ.മാത്യു അത്തിപ്പുഴയിൽ രോഗബാധിതനാവുകയും തന്റെ സേവനം പൂർത്തിയാക്കി ഇടവകയിൽ നിന്നും വിരമിക്കുകയും ചെയ്തു. ഇതേതുടർന്ന് ആലുവ കർമ്മലഗിരി സെമിനാരിയിൽ പ്രൊക്കുറേറ്ററായി സേവനം ചെയ്തിരുന്ന ഫാദർ ആന്റണി തച്ചാറ സാൻതോം ഇടവകയുടെ വികാരിയായി സ്ഥാനമേറ്റു. തച്ചാറ അച്ചന്റെ നേതൃത്വത്തിൽ ഇടവക പ്രവർത്തനങ്ങളും പള്ളി നിർമ്മാണ പ്രക്രിയയും കൂടുതൽ സജീവമായി. അഞ്ചുമാസത്തോളം തച്ചാറ അച്ചനോടൊപ്പം കൊച്ചച്ചനായി പ്രവർത്തിച്ചുവരവേ , സാൻതോം ഇടവകയിൽ മൂന്നു വർഷം പൂർത്തിയായതിനാൽ ഈ ലേഖകൻ ഫോർട്ടുകൊച്ചി ബസിലിക്കയിലേക്ക് അസിസ്റ്റന്റായി നിയമിതനായി. മതബോധന ഡയറക്ടറായി ഏറെ വർഷക്കാലം രൂപതയിൽ സേവനമനുഷ്ഠിച്ച ഫാ. ആന്റണി തച്ചാറയുടെ നേതൃത്വത്തിൽ, 32 യൂണിറ്റുകളും 1400 കുടുംബങ്ങളും, 5908 ഇടവകക്കാരുമുള്ള സാൻതോം ഇടവക മതബോധനത്തിലും, ആത്മീയതയിലും, കുടുംബകൂട്ടായ്മയിലും, പള്ളിനിർമ്മാണത്തിലും, യേശുവിന്റെ സ്നേഹത്തിൽ, തീക്ഷ്ണതയോടെ ഇന്ന് വളർച്ചയുടെ പുതിയ പടികൾ കയറുകയാണ്. ഫാ.ആന്റണി തച്ചാറയുടെ നേതൃത്വത്തിൽ ഇടവക സമൂഹത്തിന്റെ നിർലോഭമായ സഹായസഹകരണങ്ങളോടെ ദൈവാനുഗ്രഹത്താൽ ഒരു പുതിയ ദേവാലയം എത്രയും വേഗം ഉയർന്നുവരട്ടെ എന്ന സ്നേഹനിർഭരമായ ആശംസയോടും പ്രാർത്ഥനയോടും കൂടി ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ.





**സാൻതോം ഇടവകയിൽ നിന്നുള്ള വൈദീകർ**

1. മോൺ. മാത്യു അത്തിപ്പൊഴി
2. ഫാ. ജോളി അറക്കപ്പറമ്പിൽ
3. ഫാ. ഇഗ്നേഷ്യസ് വലിയപറമ്പിൽ
4. ഫാ. ആന്റണി സന്തോഷ് വെളുത്തേടത്ത്
5. ഫാ. സെബാസ്റ്റ്യൻ ഇരിയങ്ങലത്ത്
6. ഫാ. മാത്യു മാക്സൺ അത്തിപ്പൊഴി

**സാൻതോം ഇടവകയിൽ നിന്നുള്ള സിസ്റ്റേഴ്സ്**

1. സി. ജൂലിയറ്റ് ചക്രശ്ശേരി C.T.C
2. സി. ബ്രൂണോ ചക്രശ്ശേരി C.T.C
3. സി. മേരി ജനീഫർ C.T.C
4. സി. ലിനറ്റ് കോന്നോത്ത് C.T.C
5. സി. ഷൈല C.T.C
6. സി. വന്ദന C.T.C
7. സി. ലെറ്റീഷ്യ - ഫിലിപ്പിനേരി
8. സി. റാഫോയേല - ഫിലിപ്പിനേരി
9. സി. ഷെറി - ബ്ലെയ്സ് കനോസ

**സാന്തോം ഇടവകയിലെ സബ്സ്റ്റേഷനുകൾ**

1. സെന്റ് ജേക്കബ്സ് വട്ടമാക്കൽ
2. സെന്റ് ജോസഫ്സ് നടുവത്തുമുറി
3. സെന്റ് ജേക്കബ്സ് അത്തിപ്പൊഴിഭാഗം
4. സെന്റ് മേരീസ്

---

അവലംബം : **സാൻതോം ദേവാലയം സ്മരണിക**

നന്ദി : **ഫാ. തോമസ് പറത്തറ,**
**മോൺ. മാത്യു അത്തിപ്പൊഴി**
**ഫാ. ലൂയീസ് കാട്ടിപ്പറമ്പിൽ**

# CHANGE OF RESIDENCE

1. **Very Rev. Fr. Antony Kochukariyil** from Bishop's House to Alpha Pastoral Centre.

2. **Rev. Fr. Job Thaikalamury** from St. Sebastian's Church, Neendakara to Alpha Pastoral Centre.

3. **Rev. Fr. Lawrence Pollayil** from St. Sebastian's Church, Thoppumpady to Bishop's House.





# APPOINTMENTS - 2008

| NAME | DESIGNATION | ORDER No. |
|---|---|---|
| Punnakattuchery Paul Rev. Fr. | Relieving Order | 1/A/2008 |
| D'Nazareth Francis Rev. Fr. | Relieving Order | 2/A/2008 |
| Aluvaparambil Dominic Rev. Fr. | PP, St. Peter's Kumbalanghy | 3/A/2008 |
| Kattiparambil Andrews Rev. Fr. | PP, St. Augustine's Aroor | 4/A/2008 |
| Sastampurakkal Joy Rev. Fr. | PP, St. Francis Assisi Kattiparambu | 5/A/2008 |
| Poopady Francis Rev. Fr. | PP, St. Sebastian's Neendakara | 6/A/2008 |
| Valiyaparambil Ignatius Rev. Fr. | PP, St. Martin De Pores Kallancherry | 7/A/2008 |
| Puthenpurackal Sebastian Rev. Fr. | PP, St. Antony's Arookutty | 8/A/2008 |
| Kalathiveettil Francis Xavier Rev. Fr. | PP, St. Sebastian's Palluruthy | 9/A/2008 |
| Kayyala Jacob Rev. Fr. | PP, St. Lawrence Edacochin | 10/A/2008 |
| Valiyaveettil Antony Rev. Fr. | PP, Thomas More Palluruthy | 11/A/2008 |
| Puthenparambil Luke Rev. Fr. | PP, St. Joseph's Vallethode | 12/A/2008 |
| Thaikoottathil Antony Thamby Rev. Fr. | Diocesan Chancellor, Editor-Light of Cochin,PRO | 13/A/2008 |
| Kannikatt Alex Rev. Fr. | Spiritual Director, Fatima Hospital | 14/A/2008 |
| Kurisinkal Francis Rev. Fr. | Director, Dept. of Catechism/Rector,Lux Mundi | 15/A/2008 |

| NAME | DESIGNATION | ORDER No. |
|---|---|---|
| Pollayil Emmanuel Rev. Fr. | Vicar Cooperator, St.Thomas Apostle,San Thome | 16/A/2008 |
| Kuzhively Antony Rev. Fr. | Charge, St.Mary's Chapel, Chakkalaparambu/ Director of KCYM | 17/A/2008 |
| Puthiyath Mathew Rev. Fr. | Vicar Cooperator, St.Peter's Kumbalanghy | 18/A/2008 |
| Anchukandathil Antony Rev. Fr. | Vicar Cooperator, St. Sebastian's Palluruthy | 19/A/2008 |
| Kochiveettil Yesudas Rev. Fr. | Vicar Cooperator with I/c St. George's Arasupuram | 20/A/2008 |
| Kandathiparambil Prasad Rev. Fr. | Asst.Dir.,Cochin Social Service Society / Vicar Coop. with I/c of Thengapurakal Chapel | 21/A/2008 |
| Pollayil Lawrence Rev. Fr. | Relieving Order | 22/A/2008 |
| Poothara Joemon Rev. Fr. | Vicar Cooperator, St. Sebastian's Chellanam | 23/A/2008 |
| Thaiveettil Antony Rev. Fr. | Vicar Cooperator, Holy Family Nazareth | 24/A/2008 |
| Nanatt David Rev. Fr. | Vicar Cooperator, St. Louis Mundamvely | 25/A/2008 |
| Paliyathara Siju Rev. Fr. | Vicar Cooperator, Santa Cruz Cathedral, Fort Cochin | 26/A/2008 |
| Thaluthara Antony Rev. Fr. | Vicar Cooperator, St. Peter & Paul Amaravathy | 27/A/2008 |
| Kannikatt Alex Rev. Fr. | PriestinCharge, Little Flower Church Perumpalam | 28/A/2008 |
| Thoudayil Johnson | Vicar Cooperate St. Antony's, Kannamaly | |
| Iriyangalath Sebastian | Director, Holy Cross Study House | |





# രൂപതാ വാർത്തകൾ

## പുതിയ മഠം ആശീർവദിച്ചു

പെരുമ്പടപ്പ്: ഔവ്വർ ലേഡി ഓഫ് സോറോസ് സെർവ്വന്റ്സ് ഓഫ് മേരി ഓഫ് പീസാ എന്ന സഭയുടെ പുതിയ ഭവനം - സെന്റ് ജൂലിയാനസ് കോൺവെന്റ് - 2008 മാർച്ച 1-ാം തീയതി മൂന്നു മണിക്ക് അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവ് ആശീർവ്വദിച്ച് ദിവ്യബലി അർപ്പിച്ചു. പുതിയ മഠത്തിന്റെ സുപ്പീരിയറായി നിയമിക്കപ്പെട്ട റവ. സി. ബ്രിജിറ്റ് കാക്കനാട്ടിനും മറ്റു സിസ്റ്റേഴ്സിനും അഭിവന്ദ്യ പിതാവ് എല്ലാവിധ ഭാവുകങ്ങളും, മംഗങ്ങളും നേർന്നു.

## അഭിനന്ദനങ്ങൾ

തോപ്പുംപടി: സെന്റ് ജോസഫ് കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി M.Com. വിദ്യാർത്ഥികൾക്ക് 100% വിജയം കരസ്ഥമാക്കിയതിന് അഭിനന്ദനങ്ങൾ. അവരെ പ്രോത്സാഹിപ്പിച്ച മാനേജർക്കും, പ്രിൻസിപ്പാളിനും, അദ്ധ്യാപക-അനദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും അനുമോദനങ്ങൾ.

## സൗജന്യ ക്ലബ്ബ് ഫുട്ട് ഓപ്പറേഷൻ നടത്തി

പെരുമ്പടപ്പ്: ഫാത്തിമ ആശുപത്രിയിൽ സൗജന്യ ക്ലബ്ബ് ഫുട്ട് ക്യാമ്പിന്റെ തുടർച്ചയായി (ഹരികൃഷ്ണൻ-9 മാസം) അസ്ഥിരോഗ വിദഗ്ദൻ ഡോ. ജേക്കബ്ബിന്റെ നേതൃത്വത്തിൽ സൗജന്യ ക്ലബ്ബ് ഫുട്ട് ഓപ്പറേഷൻ മാർച്ച് 5-ാം തിയതി 3 മണിക്ക് വിജയകരമായി നടത്തി.

## ഇറ്റാലിയൻ മേയറുടെ സന്ദർശനം

ഫോർട്ടുകൊച്ചി: ഇറ്റലിയിലെ പ്രാത്തോയിലുള്ള വെർണിയോ സിറ്റിയുടെ മേയർ ഡോ. പൗളോ ചെക്കോണിയും, ഭാര്യ ഡോ. ആഞ്ചലാ മിനിയാത്തോ, മകൾ കുമാരി ജൂലിയ ചെക്കോണി എന്നിവർ അഭിവന്ദ്യ പിതാവിനെ 2008 മാർച്ച് 6-ാം തിയതി 10 മണിക്ക് സന്ദർശിച്ചു. നമ്മുടെ രൂപതാ വൈദികനായ റവ. ഫാ. റാഫി പര്യാത്തുശ്ശേരിയുടെ ഇറ്റലിയിലെ ഇടവകാംഗമാണ് ഇവർ.

# VOCATION CAMPS - 2008

Dear and V. Rev. Monsignor / Father,

Greetings and Prayers from Mount Carmel Seminary Fort Cochin!

This is to inform you that the vocation camp for boys will commence on 6th April 2008 by 05.00 p.m.. and will be concluded on 9th April 2008. The camp will be conducted at St. Xavier's Study House Kumbalam .

Admission to the camp is limited to those who have passed or appeared for SSLC or Plus Two examination and really willing to Join the seminary. Registration fee will be Rs.150/- per head. Permission is granted by His Excellency, Dr John TIlattumkal to Parish Priests to help poor boys from the fabrica to attend the camp.

Please instruct the participants to bring along with them pen, note book, a copy of the Bible, bed sheets, toilet articles etc.

I would be much obliged if you could inform me the number of participants from your parish at least three days before the commencement of the camp, so that necessary arrangements can be made in time.

As usual camps for girls will be conducted at houses of different women religious congregations of the diocese I would like to inform Reverend Parish Priests that you should have an eye in fostering the real vocations.

Expecting your valuable co-operation and wishing you Happy Easter,

Loving Yours in Jesus and Mary,

Fort Cochin,
07-03-2008.

**Fr Thomas Panakal,**
Vocation Promoter





## BISHOP'S ENGAGEMENTS IN MARCH - 2008

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Sat | 03.00 p.m. | Perumpadapp u | Blessing of St. Juliane's Convent |
| 02 Sun | 05.00 p.m. | Ashirbhavan | Tony Fernandez - Padmabooshen Award |
| 03 Mon | 09.00 a.m.<br>09.30 a.m.<br>03.00 p.m. | Bishop's House<br>Vely | Meeting people<br>Inauguration of S JB B ranch-Jub ilee<br>KRLCBC Meeting |
| 04 Tue | | | KRLCBC |
| 05 Wed | | | Monthly Recollection - Forane |
| 06 Thu | 09.00 a.m.<br>03.30 p.m.<br>07.00 p.m. | Bishop's House<br>Ernakulam<br>Bishop's House | Meeting people<br>Jeevanadam Board Meeting<br>Samudayakariyalayam Meet |
| 07 Fri | 09.00 a.m.<br>03.00 p.m.<br>04.00 p.m. | Bishop's House<br>Edacochin<br>Kumbalanghy | Office work<br>Domestic Workers Meet at APC<br>Womens' Day Celebration at ParishHall St. Peter's |
| 08 Sat | 10.30 a.m. | Bishop's House | Diocesan Pastoral Council |
| 09 Sun | 07.00 a.m. | Kannamaly | St. Joseph's Feast Mass |

| | | | |
|---|---|---|---|
| 10 Mon | 09.00 a.m.<br>03.30 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |
| 11 Tue | 10.00 a.m.<br>03.30 p.m. | Lux Mundi<br>Bishop's House | Convocation<br>Coordination Committee |
| 12 Wed | <br>06.00 p.m. | Carmelgiri<br>Vypeen | Comprehensive Oral Exam<br>Mass in Convent |
| 13 Thu | 09.00 a.m.<br>04.00 p.m. | Bishop's House<br>Emakulam | Meeting people<br>Jeevanadam Board Meeting |
| 14 Pri | 09.00 a.m. | Bishop's House | Office work |
| 16 Sun | 07.00 a.m. | Basilica | Palm Sunday - Mass |
| 17 Mon | 09.00 a.m.<br>03.30 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |
| 20 Thu | 10.30 a.m. | Basilica | Chrism Mass |
| | 06.00 p.m. | Basilica | Lord's Supper |
| 21 Fri | 03.30 p.m. | Basilica | Good Friday Function |
| 22 Sat | 11.00 p.m. | Basilica | Easter Vigil |
| 23 Sun | 11.00 a.m. | Mattancherry | Visit to Jail |





| | | | |
|---|---|---|---|
| 24 Mon | 09.00 a.m.<br>03.30 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |
| 25 Tue | 11.00 a.m.<br>06.30 p.m. | Nazareth<br>Bishop's House | Mass-Sermon - S1. Joseph's Convent<br>Core Group |
| 26 Wed | 10.00 a.m. | Bishop's House | Consultors Meet |
| 27 Thu | 09.00 a.m.<br>04.00 p.m.<br>07.00 p.m. | Bishop's House<br>Emakulam<br>Bishop's House | Meeting people<br>Jeevanadam Board Meet<br>Samudayakariyalyam Board Meet |
| 28 Fri | 09.00 a.m. | Bishop's House | Office work |
| 30 Sun | 11.30 a.m.<br>04.00 p.m. | Palarivattom<br>Cheriyakadavu | Marriage Blessing at St. Martin's<br>Festal Mass at St. Joseph's |
| 31 Mon | 09.00 a.m.<br>11.00 a.m.<br>03.30 p.m. | Bishop's House<br>Emakulam | Meeting people<br>Marriage Blessing at Assisi Cathedral<br>Fatima Hospital Board Meeting |

## FROM THE BISHOP'S DIARY

### FEBRUARY 2008

| Date | Time | Purpose |
|---|---|---|
| 4th Mon | 04.00 p.m.<br>07.00 p.m. | Funeral M/o Fr. Dominic Aluvaparambil<br>Dinner offered to Foreign Guests at Gama |
| 5th Tue | 03.00 p.m.<br>08.00 p.m. | Meeting with children at Kumbalanghy<br>Assisi Convent Mundamvely |
| 8th Fri | 03.00 p.m. | Meeting priests on Transfer |
| 9th Sat | 08.30 a.m.<br>05.00 p.m. | Reception + Mass - Episcopal Consecration of Bp. Abraham Kakkanett at Muvattupuzha<br>To Mother Anne Pia at St. Joseph's Convent |
| 11th Mon | 11.00 a.m. | Meeting priests on Transfer |
| 23rd Sat | 05.30 p.m.<br>06.00 p.m. | Blessing of 2-wheelers at Veli ground<br>Supper for Jubilee Committee at APC |
| 24th Sun | 02.30 p.m. | Thozhilali Sangamam KLM at ESS Emakulam |
| 26th Tue | 06.30 p.m. | Core Group |
| 2th Wed | 02.30 p.m.<br>05.00 p.m. | Sr. Gertrude<br>To APC |
| 28th Thu | 09.00 a.m. | Eucharistic Adoration and Procession with Blessing |







## പിന്നാമ്പുറം

# മനുഷ്യൻ

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

മനുഷ്യൻ എന്നും ഒരത്ഭുത പ്രതിഭാസമാണ്. ശാസ്ത്രം ഏറെ വളരുകയും മനുഷ്യന്റെ സാധ്യതകളെ തിരിച്ചറിയുവാനും പ്രയോജനപ്പെടുത്തുവാനും പര്യാപതമാവുകയും ചെയ്തു മനുഷ്യന്റെ കോശശാസ്ത്രം ഏറെ വ്യഖ്യാനങ്ങൾ നിരത്തുന്ന കാലംകൂടിയാണിത്. അതിരുകളില്ലാത്ത ഈ യാത്രയുടെ അപകടങ്ങളെക്കുറിച്ച് ദൈവാശ്രയബോധമുള്ളവർ മുന്നറിയിപ്പു നൽകുന്നുണ്ടെങ്കിലും ജീവന്റെ വിലയേക്കാൾ ശാസ്ത്രനേട്ടത്തിന്റെ സാധ്യതകൾക്കാണ് എന്നും വിലകൽപ്പിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യനെ സൃഷ്ടിച്ചെടുക്കുവാനുള്ള കൃത്രിമ രീതികളെപ്പറ്റിയുള്ള പരീക്ഷണങ്ങൾ ലോകനേതാക്കളും അറിവോടും അല്ലാതെ അലട്ടുന്ന മരണം, വാർദ്ധക്യം മുതലായ നീരാളി പിടുത്തത്തിൽനിന്ന് അവനെ രക്ഷിക്കുവാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. എങ്കിലും ശാസ്ത്രം പരീക്ഷണമേശയിൽ തുറന്നിട്ടിരിക്കുന്ന ഒരു പരീക്ഷണ വസ്തുമാത്രമാണോ മനുഷ്യൻ.

ബൈബിളിന്റെ ആദ്യതാളുകളിൽ മനുഷ്യജന്മത്തിന്റെ വിലയെന്തെന്ന് വരച്ചുവെയ്ക്കുന്നുണ്ട്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സമാനതകളില്ലാത്തവനായി ശിരസ്സുയർത്തി നിൽക്കുന്ന ആദിമനുഷ്യന്റെ രൂപം അർത്ഥതലങ്ങൾ ഏറെ സമ്മാനിക്കുന്നുണ്ട്. ദൈവത്തിന്റെ നിശ്വാസം ശ്വാസമായി സ്വീകരിച്ച് ഉയിർകൊണ്ടവൻ കളിമണ്ണിന്റെ ബലഹീനതകൂടെ ഉൾകൊള്ളുന്നവനാണെന്നും ബൈബിൾ

പറഞ്ഞു തരുന്നുണ്ട്. സൃഷ്ടികർമ്മം പൂർത്തീകരിച്ച് മടങ്ങിപ്പോകുന്ന ദൈവം മനുഷ്യനെ തനിക്കു പകരക്കാരനായി നിയോഗിച്ചു. യജമാനന്റെ മനസ്സറിഞ്ഞ് എല്ലാം ക്രമപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ട കാര്യസ്ഥന്റെ സ്ഥാനമാണ് പ്രപഞ്ചത്തിൽ മനുഷ്യനുണ്ടായിരുന്നത്. കാര്യസ്ഥന്റെ അധികാരം പങ്കുവെയ്പിലൂടെ നൽകപ്പെടുന്നതാകയാൽ അവയുടെ പ്രയോഗത്തിൽ ഉത്തരവാദിത്വബോധം പ്രധാന വിഷയമായിരുന്നു. ലഭ്യമായ അവകാശാധികാരങ്ങൾക്കു പിന്നിൽ നിഴൽചൂടി നിൽക്കുന്ന ദൈവവേഷ്ടം കണ്ടറിഞ്ഞു ജീവിക്കുവാനുള്ള വലിയ ബാധ്യത അവനിൽ നിക്ഷിപ്തമായിരുന്നു. നിബന്ധനകൾക്കുള്ളിൽ അനുഭവിക്കുവാൻ കഴിയുന്ന സ്വാതന്ത്ര്യം തിരിച്ചറിയുവാൻ അവനെ കഴിഞ്ഞില്ല. തിരഞ്ഞെടുപ്പിൽ വന്ന പാളിച്ച അവനു വിനയായി ഭവിച്ചു.

കളിമണ്ണിന് വിവരിക്കാനാവാത്ത സാധ്യതകൾ നൽകിയത് അവനിലുണ്ടായിരുന്ന ദൈവസാന്നിധ്യ ശക്തിയായിരുന്നു. നിയമം ലംഘിക്കുന്നിടത്ത് മനുഷ്യനിലെ ബലഹീനത മറനീക്കി പുറത്തുവന്നു. ആ നിമിഷം വരെ എല്ലാത്തിനുമേൽ അവകാശമുണ്ടായിരുന്ന ശക്തനായ മനുഷ്യൻ ലജ്ജകൊണ്ട് ശിരസ്സു താഴ്ത്തിനിന്നു. ദൈവഹിതമാണ് അവന്റെ അസ്തിത്വത്തെപ്പോലും തീരുമാനിക്കുന്നതെന്ന് അന്നാണ് അവൻ അറിഞ്ഞതും. മനുഷ്യകുലത്തിന്റെ തുടർയാത്രകളൊക്കെയും പരാജയത്തിന്റെ കഥയാണ് ഏറെയും പറഞ്ഞു വയ്ക്കുന്നത്. ദൈവത്തിന്റെ ഇഷ്ടാനുസരണം പ്രവർത്തിക്കുന്ന അപൂർവ്വം വ്യക്തിത്വങ്ങൾ ഉണ്ടായിരുന്നുവെങ്കിലും മാനുഷിക ബലഹീനതകളുടെ മിന്നലാട്ടങ്ങൾ അവരുടെ തീരുമാനങ്ങളിലും പ്രവൃത്തികളിലും നിഴലിച്ചിരുന്നു. എങ്കിലും തിളക്കമാർന്ന ഈ വ്യക്തിത്വങ്ങൾ ചരിത്രത്തിനു നൽകുന്ന സന്ദേശങ്ങൾ ആശാവഹങ്ങളാണ്. ഒരിക്കൽ നഷ്ടമായ ദൈവമൈത്രി പുന:സ്ഥാപിക്കുവാൻ കഴിയുമെന്നും, മനുഷ്യന് തന്റെ പൂർണ്ണത വീണ്ടെടുക്കുവാനുള്ള സാധ്യതകൾ നിലനിൽക്കുന്നുവെന്നും അവർ വിളിച്ചു പറയുന്നു. തന്നോടു ചേർന്നു നിൽക്കാൻ പരിശ്രിക്കുന്നവരെ നിർബന്ധ





പൂർവ്വം തന്റെ വഴിയിലേയ്ക്ക് നയിക്കുന്ന ദൈവത്തെയും നാം ബൈബിളിൽ കാണുന്നുണ്ട് (ഉൽപ. 19, 16) അപൂർവ്വങ്ങളായ വ്യക്തിത്വങ്ങളെയും കുടുംബങ്ങളെയും മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേയ്ക്കു നയിക്കുന്ന ദൈവം ഇസ്രായേലിന്റെ തന്റെ ചട്ടവും നിയമങ്ങളും നൽകി സാധ്യതകളുടെ വലിയ വഴി ലോകത്തിനു മുന്നിൽ തുറന്നിട്ടു.

പ്രവാചകന്മാർ ഇസ്രായേലിനെ പഠിപ്പിക്കുവാൻ ആഗ്രഹിച്ചതും പറഞ്ഞതും ദൈവഹിതത്തിലേയ്ക്കുള്ള മടക്കയാത്രയെപ്പറ്റിയായിരുന്നു. സീനായ് മലയിൽവെച്ചു നൽകപ്പെട്ട നിയമങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ നൽകപ്പെട്ട നിയമങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ നൽകിയപ്പോഴും കാലഘട്ടത്തോടു ചേർന്നു വായിക്കുവാൻ പഠിപ്പിച്ചപ്പോഴും ദൈവം ആദിയിൽ മനുഷ്യനു കൽപ്പിച്ചു നൽകിയ പദവി വീണ്ടെടുക്കുക എന്നതായിരുന്നു പ്രഥമദൗത്യം. ആദിമാതാപിതാക്കൾക്ക് ദൈവഹിതത്തിനും സ്വാർത്ഥമോഹത്തിനുമിടയിൽ സംഭവിച്ച പിഴവ് എന്നും ആവർത്തിച്ചു കൊണ്ടിരുന്നു. ആന്തരീക സ്വാതന്ത്ര്യത്തിലുണ്ടായ പിഴവ് ബാഹ്യശക്തികളുടെ കടന്നുകയറ്റമായി, പ്രവാസമായി അവതരിപ്പിക്കുകയാണ് ബൈബിൾ ചെയ്തത്.

ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ മനുഷ്യപുത്രൻ എന്ന പ്രയോഗം ഒരു പരിധിവരെ സ്വർഗ്ഗീയമായ പൂർവ്വാസ്തിത്വം കൈവരിച്ച വരാനിരിക്കുന്നവനെപ്പറ്റിയുള്ള മുന്നറിയിപ്പാണ്. എല്ലാ ശക്തികൾക്കും അതീതനായവൻ (ദാനി. 7, 3) വരുമെന്ന ചിന്തയിൽ യഥാർത്ഥ മനുഷ്യന്റെ മുഖം വെളിപ്പെടാനിരിക്കുന്നതേയുള്ളൂ എന്ന സൂചനയുണ്ട്. ദാനിയേലിന്റെ ഈ അഭിസംബോധനയെ ക്രിസ്തു സ്വയം സ്വീകരിക്കുന്നിടത്ത് (മർക്കോ, 2, 10; 2, 28; 8, 31; 9,31; 10, 33;14, 62) മനുഷ്യനിൽ ദൈവം പ്രതീക്ഷിക്കുന്നതെന്തെന്ന് വെളിവാക്കപ്പെടുന്നു. ഈ ഭൂമിയിലെ ക്രിസ്തുവിന്റെ മുഖമാണ് മനുഷ്യന് ദൈവം ആദിയിൽ നൽകിയത്. അതുകൊണ്ടാണ് വി. പൗലോസ് പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി ക്രിസ്തുവിനെ ധരിക്കുവാൻ ആവശ്യപ്പെട്ടത്.